1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1986–ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

1986–ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി ബിൽ) പാസ്സാക്കണമെന്ന പ്രമേയം - സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ പാസ്സായിരിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986–ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ബിൽ

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, രണ്ടാമത്തെ ബിൽ ഇപ്പോൾ പാസ്സാക്കിയ ബില്ലിന്റെ അനലോഗസാണ്. ഇത് കോർപ്പറേഷനെ സംബന്ധിച്ചുള്ളതാണ്. 30–9–1984–ൽ തിരഞ്ഞെടുക്കപ്പെട്ട കോർപ്പറേഷന്റെ കാലാവധി കഴിഞ്ഞു. അപ്പോൾ രണ്ട് പോംവഴിയേ ഉണ്ടായിരുന്നുള്ളൂ. ഒന്നുകിൽ ടേം നീട്ടിക്കൊടുക്കുക അല്ലെങ്കിൽ സ്പെഷ്യൽ ഓഫീസറെ നിയമിക്കുക. ടേം നീട്ടുന്നില്ല എന്ന് തീരുമാനിച്ചു. അപ്പോൾ ഗവൺമെന്റിൽ ആ ചുമതല നിക്ഷിപ്തമായിരിക്കുന്നു എന്നേയുള്ളൂ. അതിനുവേണ്ടിയുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചു. ഇത് പാസ്സാക്കിത്തരണം. ആ ഓർഡിനൻസിന്റെ റീപ്ലേസിംഗ് ബില്ലാണ് ഇത്.

Shri T. P. Peethambaran Master: Sir, I move that the Kerala Municipal Corporations (Amendment) Bill, 1986 as reported by the Subject Committee be circulated for obtaining public opinion. ഇവിടെ മന്ത്രി പറഞ്ഞതുപോലെ വളരെ ലഘുവായ ഒരു ഭേദഗതി മാത്രമല്ല ഉള്ളത്. ഇത് കൗൺസിലിന്റെ ഘടനയെ തന്നെ ബാധിക്കുന്ന ഒരു ഭേദഗതിയാണ്. ഇതിൽ സെക്ഷൻ 5–ൽ സബ് ക്ലാസ് (1) (എ) യിൽ ഒരു ക്ലാസ് സബ്സ്റ്റിറ്റ്യൂട്ട് ചെയ്യുന്നുണ്ട്. "The council shall consist of such number of councillors as may be fixed by the Government, by notification in the gazette, in the ratio of one councillor for every seven thousand of the population of the city with an addition of one councillor when the residue of the population is not less than five thousand".

ഏഴായിരം ആളുകൾക്ക് ഒരു പ്രതിനിധി എന്ന നിലയ്ക്കുള്ള പ്രാധാന്യം പോരായെന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. അയ്യായിരം ആളുകൾക്ക് ഒരു പ്രതിനിധി എന്നുള്ള വ്യവസ്ഥയിലാണ് കോർപ്പറേഷൻ കൗൺസിലിലേക്ക് ഡീ ലിമിറ്റേഷൻ നടത്തി

LIBRARY ARCHIVES Kerala Legislative Assembly

ആളുകളെ തിരഞ്ഞെടുക്കുന്നത്. ഇത് ഏഴായിരമാക്കി വർദ്ധിപ്പിക്കുന്നതുകൊണ്ട് വേണ്ടിടത്തോളം പ്രാതിനിധ്യം എല്ലാ ഭാഗത്തുമുള്ള ആളുകൾക്ക് കിട്ടാതെ വരും. ആ പ്രാതിനിധ്യം കുറയുന്നതിന്റെ ഫലമായിട്ട് കോർപ്പറേഷന്റെ അതിർത്തിക്കകത്തുള്ള വികസന പ്രവർത്തനങ്ങളെ ഇത് ദോഷകരമായി ബാധിക്കും. അതുകൊണ്ട് ഏഴായിരം ആളുകൾക്ക് ഒരു പ്രതിനിധി എന്നതിനു പകരം അയ്യായിരം ആളുകൾക്ക് ഒരു പ്രതിനിധി എന്ന് ആക്കുകയും 2,500-ൽ താഴെ വരുന്ന ജനസംഖ്യയ്ക്ക് അല്ലെങ്കിൽ വോട്ടർമാർക്ക് ഒരു പ്രതിനിധി എന്ന നിലയ്ക്ക് റെസിഡ്യൂ വരുന്ന നമ്പരിന് ഒരാളെ നിയമിക്കുകയും ചെയ്യുകയെന്നുള്ളതാണ് പ്രധാനമായും ഇതിൽ പരിഗണിക്കേണ്ട വിഷയം. കോർപ്പറേഷൻ കൗൺസിൽ പോലുള്ള സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ രണ്ടുകൊല്ലത്തിലധികമായി വല്ലാത്ത സ്തംഭനമാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. രണ്ടാമത്തെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്ന കാര്യം ഇതുമായി ബന്ധപ്പെട്ടതാണ്. മൂന്നാമത്തെ അമെൻറ്മെൻറ് അതായത് സെക്ഷൻ 67-ൽ ഉണ്ടായിരുന്ന ഒരു പ്രൊവൈസോ ഒമിറ്റ് ചെയ്തു. നേരത്തേ പറഞ്ഞതുപോലെ മുനിസിപ്പൽ ആക്ടിൽ വരുത്തിയിട്ടുള്ള ഭേദഗതി പോലെതന്നെയുള്ള ഭേദഗതിയാണ്. തിരഞ്ഞെടുക്കപ്പെട്ട കോർപ്പറേഷൻ, കൗൺസിലുകളുടെ കാലാവധി കഴിഞ്ഞാൽ ഗവൺമെൻറിന് അതിന്റെ കാലാവധി നീട്ടിക്കൊടുക്കാനുള്ള അവകാശം അല്ലെങ്കിൽ അധികാരം എടുത്തു കളയുന്നതാണ് ആ വ്യവസ്ഥ. അത് എടുത്തു കളയേണ്ട യാതൊരു ആവശ്യവും ഉണ്ടായിരുന്നില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. അപൂർവ്വമായി ചില സമയത്ത് തിരഞ്ഞെടുപ്പ് നടത്താൻ എന്തെങ്കിലും തടസ്സം വന്നാൽ തിരഞ്ഞെടുക്കപ്പെട്ട കൗൺസിലിനെ ഇല്ലായ്മ ചെയ്യുന്നതിന് യാതൊരു ന്യായീകരണവും ഇല്ല. തിരഞ്ഞെടുപ്പ് നടത്താൻ സാധിച്ചില്ലെങ്കിൽ അടുത്ത തിരഞ്ഞെടുപ്പുവരെ നിലവിലുണ്ടായിരുന്ന കൗൺസിൽ തുടരുന്നതുകൊണ്ട് യാതൊരു അപാകതയും വരാനില്ല. അതിനു പകരം ആ കൗൺസിലുകളെ പിരിച്ചുവിട്ട് ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നു. 6 മാസത്തേക്ക് നിയമിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് ഒന്നുരണ്ട് കൊല്ലം കാലാവധി നീട്ടിക്കൊടുക്കും. ഇപ്പോൾ 30 മാസമായിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാരുടെ കാലാവധി എത്ര നീട്ടിക്കൊടുക്കുന്നതിനും ഗവൺമെൻറിന് വിരോധമില്ല. മറിച്ച് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ കാലാവധി നീട്ടിക്കൊടുക്കുന്നതിനായിരുന്നു ഗവൺമെൻറിന് എതിർപ്പ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിൽ ഇത്രമാത്രം ഒളിച്ചുവയ്ക്കാൻ എന്തിരിക്കുന്നു.

മുനിസിപ്പൽ കോർപ്പറേഷനുകൾ മൂന്നെണ്ണമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്. ഈ മൂന്നു സ്ഥലത്തും പ്രതിപക്ഷ മുന്നണിയിലെ മേയർമാരാണ് ഭരിച്ചിരുന്നത്. മൂന്നുസ്ഥലത്തും ഇടതുപക്ഷ മുന്നണിക്കായിരുന്നു ഭൂരിപക്ഷമെന്നുള്ളത് വസ്തുതയാണ്. ആ കാരണം കൊണ്ട് അവരെ തുടർന്നു ഭരിക്കാൻ അനുവദിക്കുകയില്ല എന്ന രാഷ്ട്രീയ വൈരനിര്യാതനബുദ്ധി മാത്രമാണ് ഇത്തരം ഒരു ഭേദഗതി കൊണ്ടുവരാൻ ഈ ഗവൺമെൻറിനെ പ്രേരിപ്പിച്ചത്. അത് ദുരുദ്ദേശപരവും

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ ഉന്നം വച്ചുകൊണ്ടുള്ളതുമാണ്. ഈ കൗൺസിലുകളും ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ നിൽക്കണമെന്നതാണ് ഗവൺമെന്റിന്റെ ആവശ്യം. അതിനുവേണ്ടിയാണ് ഗവൺമെന്റ് നിയമിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ കയ്യിൽ കോർപ്പറേഷനുകളും ഏൽപ്പിച്ചു കൊടുത്തത്. മുൻപ് നടന്ന ബില്ലിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞു കൊണ്ട് ബഹു. വകുപ്പുമന്ത്രി പറഞ്ഞു, ഇവിടെ തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റാണ് ഉള്ളത്, ആ നിലയ്ക്ക് ആ ഗവൺമെന്റിനെ കുറേക്കാലത്തേക്ക് ഈ ഭരണം ഏൽപ്പിച്ചുകൊടുത്താൽ എന്താണ് അപകടം എന്ന്. അദ്ദേഹത്തിന്റെ വാദം മുഖവിലയ്ക്ക് എടുക്കുകയാണെങ്കിൽ ഇവിടെ നടന്ന് എല്ലാ ഡിപ്പാർട്ടുമെന്റിനേയും പോലെ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലും ഒരു ഡിപ്പാർട്ടുമെന്റാക്കി നടത്താവുന്നതാണ്. കാരണം ഇവിടെയുള്ള മേറ് എല്ലാ ഡിപ്പാർട്ടുമെന്റു മേധാവികളേയും നിയമിക്കുന്നത് അല്ലെങ്കിൽ നിയന്ത്രിക്കുന്നത് തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് ആണല്ലോ. തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റ് ഇവിടെ ഉണ്ട് എന്നുള്ളതുകൊണ്ട് അതിന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ നിയമിക്കുന്നതുകൊണ്ട് കുഴപ്പമില്ലെങ്കിൽ അതിന് സമമായി വരുന്ന മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലുകളെല്ലാം ഗവൺമെന്റിന്റെ ഒരു ഡിപ്പാർട്ടുമെന്റായി അധഃപതിക്കുന്നു എന്നുള്ളതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനങ്ങൾക്ക് അവരുടെ ഇഷ്ടംപോലെ ആളുകളെ തിരഞ്ഞെടുത്ത് അയച്ച് വികസന പ്രവർത്തനങ്ങൾ നടത്താനുള്ള മൗലികമായ അവകാശമുണ്ട്. ഇത് ഒരു ജനാധിപത്യ രാജ്യത്തിൽ അവരിൽ നിക്ഷിപ്തമായിട്ടുള്ള അവകാശമാണ്. അത് പൂർണ്ണമായി നിഷേധിക്കുന്ന ഒരു സമീപനമാണ് ഈ സർക്കാരിനുള്ളത്. അതുകൊണ്ടുതന്നെയാണ് ഈ സർക്കാർ തിരഞ്ഞെടുക്കപ്പെട്ട കൗൺസിൽ പിരിച്ചുവിട്ടത്. തിരഞ്ഞെടുക്കപ്പെട്ട കൗൺസിലിന്റെ കാലാവധി നീട്ടാനുള്ള സാങ്കേതിക വാദം നമുക്ക് മനസ്സിലാക്കാം. അഞ്ചുകൊല്ലത്തേക്ക് തിരഞ്ഞെടുത്താൽ അഞ്ച് കൊല്ലം കഴിഞ്ഞാൽ പിരിഞ്ഞു പോകണമെന്നാണ് സർക്കാർ പറയുന്നത്. ഉദ്യോഗസ്ഥൻമാരെ നിയമിച്ചത് 6 മാസത്തേക്കാണ്. എന്നാൽ 6 മാസം കഴിഞ്ഞാൽ അവരുടെ കാലാവധി അവസാനിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ എന്തുകൊണ്ട് വാശി പിടിക്കുന്നില്ല. അപ്പോഴും ഉദ്യോഗസ്ഥൻമാരുടെ ഭരണം തുടരണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. ഉദ്യോഗസ്ഥൻമാരുടെ ഭരണം കാലാവധിക്കുള്ളിൽ അവസാനിപ്പിക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നുവെങ്കിൽ കാലാവധിക്കുള്ളിൽതന്നെ തിരഞ്ഞെടുപ്പ് നടത്തി തിരഞ്ഞെടുക്കപ്പെട്ട കൗൺസിലിനെ ഭരണം ഏൽപ്പിക്കാമായിരുന്നു. കഴിഞ്ഞ രണ്ടുകൊല്ലത്തിലധികമായി നടക്കുന്ന കോർപ്പറേഷന്റെ പ്രവർത്തനത്തെപ്പറ്റി, കോർപ്പറേഷനുകളുടെ വികസനപ്രവർത്തനങ്ങളെപ്പറ്റി വളരെ വിശദമായി ചർച്ച ചെയ്യാൻ സമയം ഇല്ലെങ്കിലും ചുരുക്കമായി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ രണ്ടുകൊല്ലത്തിനുള്ളിൽ മൂന്ന് കോർപ്പറേഷനുകളിലും യാതൊരു വികസനപ്രവർത്തനവും നടന്നിട്ടില്ലെന്നുള്ളത് അക്ഷരാർത്ഥത്തിൽ ശരിയാണ്. ഒരു വികസനപ്രവർത്തനവും നടന്നിട്ടില്ല. വികസനപ്രവർത്തനങ്ങൾ നടത്താൻ താൽപ്പര്യമുള്ള ആളുകളല്ല അവിടെയിരിക്കുന്നത്. ഇതിലെ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം അവർക്ക് വേണ്ട താൽപ്പര്യം എടുക്കാനോ, അതിനെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കാനോ സമയമില്ല, താൽപ്പര്യവുമില്ല. 6 മാസത്തേക്ക് കളക്ടർക്ക് ചാർജ് കൊടുക്കുന്നു. 6 മാസംകൊണ്ട് എന്തുവികസന പ്രവർത്തനം പ്ലാൻ ചെയ്യാൻ കഴിയും. 6 മാസം കഴിഞ്ഞാൽ അവരുടെ കാലാവധി തീരുമെന്നുള്ളതുകൊണ്ട് ദീർഘകാല അടിസ്ഥാനത്തിലുള്ള ഒരു പ്ലാനിംഗിനും ഒരു മേയറുടെ ചുമതല വഹിക്കുന്ന കളക്ടർക്കും താൽപ്പര്യമില്ല. കാരണം 6 മാസം കൊണ്ട് ഒരു പരിഷ്കാരവും വരുത്താൻ സാധിക്കുകയില്ലെന്ന് എല്ലാവർക്കും അറിയാം. പ്ലാനിംഗിനെപ്പറ്റി അവർ ആലോചിക്കുന്നില്ല, പ്ലാൻ ചെയ്യുന്നുമില്ല. ഞങ്ങടെ എം. എൽ. എ. മാർ എന്ന നിലയ്ക്ക് ചിലപ്പോഴും അത്തരം മേയർമാരുടെ അടുത്ത് ചെന്ന് വികസനപ്രവർത്തനങ്ങളുടെ സംതംഭനത്തെ സംബന്ധിച്ച് നിവേദനങ്ങൾ കൊടുത്തിട്ടുണ്ട്. നിവേദനം കൊടുക്കുമ്പോൾ അവർ തരുന്ന മറുപടി ഇത്രയും നിവേദനങ്ങൾ കൊണ്ടു പോയാൽ ആരുടെ കാലത്തു നടപ്പിലാക്കുമെന്ന് അവർക്ക് നിശ്ചയമില്ല എന്നാണ്.

സർ, ഞാൻ പണ്ട് കൗൺസിലറായി പ്രതിനിധീകരിച്ചിരുന്ന പള്ളുരുത്തിയിലെ ഒരു ഡിവിഷനിൽ അന്ന് അകപ്പെയർ പെയ്യാൻവേണ്ടി നടപടിയെടുത്തിരുന്ന രണ്ടു റോഡുകളുടെ എല്ലാ നടപടികളും പൂർത്തിയായിക്കഴിഞ്ഞിട്ട് ഒന്നര കൊല്ലമായി. അതിന്റെ ഫൈനൽ അവാർഡ് പാസ്സാക്കിയതിനുശേഷം ഇപ്പോഴും കിടക്കുകയാണ്. അതിന് പണം കൊടുത്തിട്ടില്ല. അങ്ങും വാഹനത്തിൽ പോകുമ്പോൾ മനസ്സിലാക്കിക്കാണും, കൊച്ചി കോർപ്പറേഷന്റെ തെക്കേ അതിർത്തിയായ ഇടക്കൊച്ചി മുതൽ തോപ്പിൻപടി വരെയുള്ള റോഡിന്റെ വീതി വളരെ ചുരുങ്ങിയതാണ്. അതുകൊണ്ട് പലപ്പോഴും വാഹനങ്ങൾക്ക് അത്രയും ഭാഗം കടന്നുപോകാനുള്ള വളരെയധികം തടസ്സം ഉണ്ടാകുവാൻ ഇടവരുന്നുണ്ട്. ഇതിന് പരിഹാരമായിട്ട് കോർപ്പറേഷൻ മുൻകൈയെടുത്ത് ഇടക്കൊച്ചി മുതൽ തോപ്പിൻപടി വരെയുള്ളഭാഗത്ത് ഒരു ബദൽ റോഡ് റെയിൽവേ ആക്ടിന്റെ നിലയിൽ ഉണ്ടാക്കണമെന്ന നിർദ്ദേശം കൗൺസിലിനു നേരത്തേ ഉണ്ടായിരുന്നതാണ്. ഇപ്പോഴത്തെ പ്രത്യേക പരിതഃസ്ഥിതിയിൽ വാഹനങ്ങളുടെ തിരക്കുകൊണ്ട് കൂടെക്കൂടെയുണ്ടാകുന്ന ട്രാഫിക്ക് ജാം പരിഗണിച്ച് ആ റോഡിന്റെ പണി ആരംഭിക്കണമെന്നും നേരിട്ട് നിവേദനം നടത്തിയ ആളാണ് ഞാൻ. അദ്ദേഹം എന്നോട് പറഞ്ഞത് അവാർഡ് പാസ്സായിക്കിടക്കുന്ന റോഡ് ഏറ്റെടുത്ത് ഇപ്പോഴത്തെ നമുക്ക് റോഡാക്കാൻ കഴിയുമെന്നുണ്ടെങ്കിൽ, 6 മാസത്തിനുള്ളിൽ റോഡാക്കാൻ കഴിയുമെന്നുണ്ടെങ്കിൽ നമുക്ക് അതിനെപ്പറ്റി ആലോചിക്കാം എന്നാണ്. എന്തുകൊണ്ടെന്നാൽ എന്തെങ്കിലും ചെയ്തു എന്ന് ആളുകൾക്ക് കാണാൻ കഴിയും. രണ്ടോ നാലോ കൊല്ലം കഴിഞ്ഞുണ്ടാകാവുന്ന ഒരു റോഡിനുവേണ്ടി ഞാൻ ഈ ജോലിയൊക്കെ ചെയ്തിട്ട് എന്തു പ്രയോജനം? ഇനി വരുന്നവർ ആരെങ്കിലും നടത്തട്ടെ. ഇതൊരു സാധാരണ ഉദ്യോഗസ്ഥന്റെ സ്വാഭാവികമായ മറുപടിയാണ്. ഇതിന്റെ ഫലമെന്താണെന്നു വച്ചാൽ ഈ രണ്ടു കൊല്ലക്കാലംകൊണ്ട് നഗരത്തിന് നേരിടുന്ന പ്രധാന പ്രശ്നങ്ങൾക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കാൻപോലും അതിന്റെ ഭരണച്ചുമതല വഹിക്കുന്നവർക്ക് സമയമില്ല. താൽപ്പര്യമില്ല. അതാണ് സ്ഥിതി. കൊച്ചി നഗരത്തെ സംബന്ധിച്ചിടത്തോളം അൽപ്പമെങ്കിലും വികസനം കാണാൻ കഴിയുന്നത് നഗരത്തിന്റെ മുഖം മിനുക്കുന്ന ഏർപ്പാടിലാണ്. എം. ജി. റോഡ് കൊച്ചി നഗരത്തിന്റെ നടുക്കുകൂടി കടന്നുപോകുന്നുണ്ട്. ആ

LIBRARY ARCHIVES Kerala Legislative Assembly

എം. ജി. റോഡിൽ കഴിഞ്ഞ 2 കൊല്ലമായി കോർപ്പറേഷൻ നടത്തിയ ഏറ്റവും വലിയ പ്രവർത്തനം എം. ജി. റോഡിന്റെ നടുക്ക് ഒരു വരമ്പുണ്ടാക്കിയിട്ട് അവിടെ സോഡിയം വേപ്പർ ലാമ്പുകൾ ഇട്ടു എന്നുള്ളതാണ്. അതേസമയം പട്ടണത്തിന്റെ ഏറ്റവും വലിയ ആകർഷണവും ഏറ്റവും വലിയ ആശ്വാസവുമായിരുന്ന മരങ്ങൾ മുഴുവൻ അധികാരികൾ മുറിച്ചു കളഞ്ഞു. കളക്ടറാണല്ലോ അവിടെ അധികാരിയായി വരുന്നത്. അദ്ദേഹത്തിന് മേയറുടെ അധികാരവുമുണ്ട്; കളക്ടറുടെ അധികാരവുമുണ്ട്. ഏത് തടസ്സമുണ്ടായാലും അതെല്ലാം നിരാകരിച്ചുകൊണ്ട് മുഴുവൻ മരങ്ങളും വെട്ടിനശിപ്പിക്കുവാൻ ഒരു ബുദ്ധിമുട്ടുമില്ല. അങ്ങനെയാണ് കാര്യങ്ങൾ നടക്കുന്നത്. മറ്റൊരു പ്രശ്നം അവിടെ പ്ലാനിംഗ് ഒന്നുമില്ല. അവിടെ എം. ജി. റോഡിൽ മെർക്കുറി വേപ്പർ ലാമ്പിട്ടു. ഇടപ്പള്ളി പട്ടണത്തിന്റെ കിഴക്കുഭാഗത്തുനിന്നാണ് മെർക്കുറി ലാമ്പിട്ട് തുടങ്ങിയത്. അത് കോർപ്പറേഷന്റെ ഒരറ്റമാണ്. കോർപ്പറേഷന്റെ തെക്കേയറ്റമായ ഇടക്കൊച്ചി മുതൽ തോപ്പിൻപടിവരെയുള്ള ഭാഗവും കോർപ്പറേഷന്റെ ഭാഗം തന്നെയാണ്. ഇടക്കൊച്ചി മുതൽ തോപ്പിൻപടി വരെയുള്ള ഏഴുഡിവിഷനുകളിൽ സോഡിയം വേപ്പർലാമ്പുകൾ ഇടണമെന്ന തീരുമാനമുണ്ടായെങ്കിലും അതു നടപ്പിലാക്കിയില്ലെന്നു മാത്രമല്ല, അവിടെ വന്നപ്പോൾ സോഡിയം വേപ്പർ ലാമ്പുകൾ അപൂർവ്വം ചില സെലക്ടഡ് ആയ ജംഗ്ഷനുകളിൽ മാത്രം ഇടുകയാണ് ചെയ്തിട്ടുള്ളത്. അങ്ങനെ വിവേചനപരമായിട്ടല്ലാതെ കോർപ്പറേഷനെ ഒന്നായിട്ട് കാണാൻപോലും ഇവിടെ കഴിയുന്നില്ല. ഒരു കൗൺസിലുണ്ടായിരുന്നെങ്കിൽ ആ മേഖലയിലുള്ള ആളുകൾ ഒരുമിച്ചിരുന്നു പദ്ധതിക്ക് അപ്രൂവൽ കൊടുക്കുമ്പോൾ എല്ലാ ഭാഗത്തേയും വികസനം ഒരുപോലെയാക്കാൻ കഴിയുമായിരുന്നു. ഇത്തരം ഉദ്യോഗസ്ഥൻമാരുടെ കയ്യിൽ ഭരണമിരിക്കണമെന്നു വാശി പിടിച്ചതിന്റെ ഫലമായുണ്ടായ ഒരു കാര്യം ഞാൻ പറയാം. അടുത്ത കാലത്ത് നമ്മുടെ ഗവൺമെന്റ് ചില ഭൂമി ചിലർക്ക് പതിച്ചുകൊടുക്കാൻ നിർബന്ധം പിടിച്ചു. പതിച്ചുകൊടുക്കുന്നതിനാവശ്യമായ റിപ്പോർട്ട് കോർപ്പറേഷൻ തരണമെന്നാവശ്യപ്പെട്ടു. ഈ കോർപ്പറേഷന്റെ മേയറും കളക്ടറും ഒരാൾതന്നെയായതുകൊണ്ട് കോർപ്പറേഷൻ കളക്ടർതന്നെ എതിരായി നിന്നതിനെത്തുടർന്ന് അന്നത്തെ കോർപ്പറേഷൻ മേയറായിരുന്ന കളക്ടർക്ക് അദ്ദേഹത്തിന്റെ മേയർസ്ഥാനം മാത്രമല്ല അദ്ദേഹത്തിന്റെ കളക്ടർസ്ഥാനവും നഷ്ടപ്പെട്ടു. അദ്ദേഹത്തെ രായ്ക്കുരാമാനം ട്രാൻസ്ഫർ ചെയ്തകാര്യം ബഹുമാനപ്പെട്ട മന്ത്രിക്കു അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. ഗവൺമെന്റിന്റെ താൽപ്പര്യം മനസ്സിലാക്കി അതനുസരിച്ചു കാര്യങ്ങൾ ഗവൺമെന്റിനുവേണ്ടി ചെയ്തുകൊടുത്തില്ലെങ്കിൽ അത്തരം ആളുകളെ അവിടെ ഇരിക്കാൻ അനുവദിക്കുകയില്ലെന്ന ദുർഭാഗമുള്ളതുകൊണ്ട് ഗവൺമെന്റിന്റെ നിർദ്ദേശങ്ങളും തെറ്റായ കാര്യങ്ങൾക്കുപോലും അനുവദിച്ചുകൊടുക്കാനുള്ള ബാദ്ധ്യതയുണ്ട്. അതു നഗരത്തിന്റെ ഭദ്രതയേയും വികസനത്തേയും ദോഷമായി ബാധിക്കുകയും ചെയ്യും. കൗൺസിൽ വേണ്ടത്ര ആലോചിച്ചെടുക്കേണ്ട തീരുമാനങ്ങളൊക്കെ മുകളിലുള്ള ഉദ്യോഗസ്ഥൻമാർ, അല്ലെങ്കിൽ മന്ത്രിയെ പ്രീണിപ്പിക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥൻമാർ പറയുന്നതിനനുസരിച്ച് തീരുമാനമെടുക്കുന്നതിന്റെ ഫലമായിട്ട് അവിടത്തെ ഭരണം ഒരു ഡിപ്പാർട്ടുമെന്റിനേക്കാൾ മോശമാകുന്നു. അത്തരം അവസ്ഥ തുടരാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണ്. രണ്ടു കാര്യങ്ങൾ ഞാൻ ഒന്നുകൂടി ആവർത്തിക്കുകയാണ്. ഒന്ന്, പ്രാതിനിധ്യം അയ്യായിരമായി കുറയ്ക്കണം. രണ്ട്, ഈ തിരഞ്ഞെടുപ്പ് ഇനിയും ഒരു നീട്ടൽ കൂടാതെ നടത്താൻ കഴിയണം. ഈ ഗവൺമെന്റ് പോകുന്നതിനുമുമ്പുതന്നെ തിരഞ്ഞെടുപ്പു നടത്തുമെന്ന് ഉറപ്പാക്കണം. അതിനുമുമ്പ് തിരഞ്ഞെടുപ്പു നടത്തണം. മാർച്ചിനുമുമ്പ് തിരഞ്ഞെടുപ്പു നടത്താൻ ഇപ്പോഴും തടസ്സമൊന്നുമില്ല. അതുകൊണ്ട് അതു നടപ്പാക്കണമെന്നുകൂടി നിർദ്ദേശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. രാജൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് തിരിച്ചയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ ഭേദഗതി അവതരിപ്പിച്ചു സംസാരിച്ചിട്ട് വലിയ കാര്യമൊന്നുമില്ല. ജനാധിപത്യവിരുദ്ധമായ മറുപടി തന്നെ വീണ്ടും പറയും. മറുപടി പറയാനുള്ള മന്ത്രിയും പോയി.

ശ്രീ: എസ്. ഗോവിന്ദക്കുറുപ്പ്: മന്ത്രി ശ്രീ. കെ. എം. മാണി പോയി എങ്കിലും ആംറൗണ്ട് മന്ത്രി ഇപ്പോഴും ബഹുമാനപ്പെട്ട തച്ചടിയാണ്. അദ്ദേഹം ഇവിടെയുണ്ട്.

ശ്രീ. വി. കെ. രാജൻ: അദ്ദേഹം ഒരു സഹകാരിയുമാണല്ലോ. എല്ലാപേരുമായിട്ട് അഡ്ജസ്റ്റ് ചെയ്തു സഹകാരിയായിട്ട് നടക്കുകയാണ്. നമ്മളെ ജനാധിപത്യപരമായി തിരഞ്ഞെടുത്ത കൗൺസിലുകളെ പിരിച്ചുവിട്ടു അധികാരങ്ങളെല്ലാം ഇപ്പോൾ സർക്കാരിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണ്. ഇതിനുമുമ്പ് സംസാരിച്ച സുഹൃത്തുക്കളൊക്കെ പറഞ്ഞതുപോലെ ഈ തിരഞ്ഞെടുപ്പ് ഈ ഗവൺമെന്റിന്റെ കാലത്ത് ഒരിക്കലും നടത്താൻ കഴിയുകയില്ല. തിരഞ്ഞെടുപ്പു നടത്തിയാലുള്ള വൈഷമ്യത്തുകളെക്കുറിച്ച് പൂർണ്ണബോദ്ധ്യമുള്ള ഒരു ഗവൺമെന്റാണിത്. മുൻകാലങ്ങളിലൊന്നും ഈ പഞ്ചായത്തുകളിലോ മുനിസിപ്പാലിറ്റികളിലോ കോർപ്പറേഷനുകളിലോ അവയുടെ കാലാവധി പൂർത്തീകരിച്ച സമയത്ത് തിരഞ്ഞെടുപ്പ് നടത്തിയിരുന്നില്ല. അതുകൊണ്ട് ഞങ്ങൾ തിരഞ്ഞെടുപ്പ് നടത്തുന്നില്ലെന്നാണ് ഈ ഗവൺമെന്റിന്റെ വക്താക്കൾ പറയുന്നത്. മതമൗലികവാദികളായ ജാതിപ്പിശാചുക്കളെ കൂട്ടുപിടിച്ചു 5 വർഷം തികയ്ക്കുന്നു എന്നു അവകാശപ്പെടുകയാണ് ഈ സർക്കാർ. മുൻകാല ഗവൺമെന്റുകളൊന്നും നമ്മുടെ സംസ്ഥാനത്തു 5 വർഷം ഭരിച്ചിട്ടില്ല. രണ്ടോ രണ്ടരയോ കൊല്ലം മാത്രമേ ഭരിച്ചിട്ടുള്ളൂ. അതിന്റെ ഫലമായിട്ട് ഈ ഗവൺമെന്റുകാലം 5 വർഷം കഴിയുമ്പോൾ തിരഞ്ഞെടുപ്പ് നടത്താൻ കഴിഞ്ഞിരുന്നില്ല. ഇവിടെ ഈ നാറിയ സർക്കാർ, കാലാവധി പൂർത്തിയാക്കിയെന്നു അവകാശപ്പെടുന്ന ഗവൺമെന്റ് എന്തുകൊണ്ടാണ് തിരഞ്ഞെടുപ്പ് നടത്താത്തത്? അത് നടത്താതിരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് പറയാൻ ശ്രീ. കെ. എം. മാണിക്ക് ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി: സർ, ബഹുമാനപ്പെട്ട രാജന്റെ പാർട്ടിയും എന്റെ പാർട്ടിയും 1970 മുതൽ 1977 വരെ ഇവിടെ ഭരിച്ചിരുന്നു. എന്നിട്ട് അന്നൊക്കെ 17 പ്രാവശ്യം മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പും, പഞ്ചായത്ത് തിരഞ്ഞെടുപ്പും നീട്ടിക്കൊണ്ട് പോയവർ ആണ്. ഇപ്പോൾ കാലാവധി പൂർത്തിയായി എന്ന് കേൾക്കുന്നു.

ശ്രീ. വി. കെ. രാജൻ: നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടേയും പ്രാതിനിധ്യസ്വഭാവമുള്ള പഞ്ചായത്ത് കമ്മിറ്റികൾ നിലവിൽ ഉണ്ടായിരുന്നു. നിങ്ങളെപ്പോലെ കൃത്യമായി 5 കൊല്ലം തികയുന്ന ആ ദിവസം അത് പിരിഞ്ഞ് പോയിരിക്കുന്നുവെന്ന് അവകാശപ്പെട്ട് ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ച് പണം പിരിക്കുന്നത് ഞാൻ ഇവിടെ പറയണോ. കെ. എം. മാണിക്ക് ഈ വകുപ്പു കിട്ടിയശേഷം കേരളാ കോൺഗ്രസ് ആണ് ഭരിക്കുന്നത്. പണ്ട് പാവപ്പെട്ട സ്വാമി ആയിരുന്നപ്പോൾ കാര്യങ്ങൾ നടത്താൻ വല്ല 50 പൈസയോ ഒരു രൂപയോ മറ്റോ കൊടുത്താൽ മതിയായിരുന്നു. ഇന്ന് അങ്ങനെയാണോ? കേരളാ കോൺഗ്രസ് എന്ന് പറയുന്ന പാർട്ടി എല്ലാ ഓഫീസുകളിലും കയറി ഇറങ്ങുകയാണ്. കെ. എം. മാണിക്ക് അറിയാമോയെന്ന് എനിക്കറിയില്ല. പണ്ട് തിരഞ്ഞെടുപ്പുകൾ നീട്ടിക്കൊണ്ടു പോയിരുന്നുവെങ്കിലും, കമ്മിറ്റികൾ മുഖേന കാര്യങ്ങൾ നടത്തിയിരുന്നു. ഇപ്പോൾ ഞാൻ പറയുന്നത് നിങ്ങൾ നല്ല കാര്യം ചെയ്തുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ ഒരു ഗവൺമെന്റ് തിരഞ്ഞെടുപ്പ് നടത്തേണ്ടതായിരുന്നു, 4 വോട്ട് കിട്ടാൻ. ഈ ഖജനാവ് മുഴുവൻ കട്ട് മുടിക്കാൻ മാത്രമേ സമയമുള്ളൂ. വേറെ ഒന്നിനും സമയമില്ല. പി. സി. ജോർജിനാണെങ്കിൽ കെ. എം. മാണിയെ ചീത്ത പറയാനേ സമയമുള്ളൂ. കാരണം അവർ തമ്മിലുള്ള.....

ശ്രീ. പി. സി. ജോർജ്: സർ, ഇത് ഖേദകരമാണ്. ഞാൻ എന്റെ നേതാവിനെ ചീത്ത പറയുന്നുവെന്ന് ഇത്ര നികൃഷ്ടമായിട്ട് ഇങ്ങനെ പറയുന്നതിൽ എനിക്ക് ദുഃഖം തോന്നുന്നു.

ശ്രീ. വി. കെ. രാജൻ: സർ, എന്തായാലും പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾ പറയാത്തത് പലതും ശ്രീ. പി. സി. ജോർജും അദ്ദേഹത്തിന്റെ പാർട്ടിയും മാണിക്കെതിരായി നിരന്തരമായി പ്രചരിപ്പിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: ഇപ്പോൾ ഈ ചീത്ത വിളി നിർത്തിയിട്ട് പരസ്പരം തല്ലാണെന്ന വിവരം ബഹുമാനപ്പെട്ട മെമ്പർ അറിഞ്ഞിട്ടുണ്ടോ.

ശ്രീ. വി. കെ. രാജൻ: സർ, തല്ലാണെന്ന കാര്യം അങ്ങാടിപ്പാട്ടാണ്. എന്തിനേറെ പറയുന്നു. അദ്ദേഹത്തിന്റെ മരുമകൻ എറണാകുളം കളക്ടർ ആയിരുന്നു. രണ്ടു മാസത്തേക്കു കൂടി മാറ്റരുതെന്ന് പി. ജെ. ജോസഫിന്റെ അടുത്തു പോയി ശ്രീ. മാണി ആവശ്യപ്പെട്ടു. രണ്ട് മാസം കൂടി അവിടെ ഇരിക്കണം, അതെന്റെ അഭിമാനത്തിന്റെ പ്രശ്നമാണ് എന്ന് പാർലമെന്ററി പാർട്ടി ലീഡർ ശ്രീ. കെ. എം. മാണി പറഞ്ഞിട്ടു ചെവി കൊള്ളാതെ.....

ശ്രീ. കെ. എം. മാണി: സർ, ഈ സ്ഥലം മാറ്റമൊന്നും മന്ത്രിയല്ല നടത്തുന്നത്. ഞാനും കൂടിയുള്ള ക്യാബിനറ്റാണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ശ്രീ. വി. കെ. രാജൻ എങ്ങനെയാണ് ക്യാബിനറ്റ് കാര്യം അറിയുന്നത്. 2 കൊല്ലം കഴിഞ്ഞു, കേരളത്തിലെ 8 കളക്ടർമാരെ മാറ്റിയ കൂട്ടത്തിൽ ഒരു മന്ത്രിയുടെ മകളുടെ ഭർത്താവായ കളക്ടർ മാറിപ്പോയിയെന്നത് ഇത്ര വലിയ മഹാപാപമാണോ? അങ്ങനെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ മകളെ കെട്ടിയ ഒരു ഐ. എ. എസ്. കളക്ടർ മാറിപ്പോയിട്ടുണ്ട്. ശ്രീ. എം. കെ. കൃഷ്ണന്റെ മകളുടെ ഭർത്താവ് ഇതുപോലെ മാറിപ്പോയിട്ടുണ്ട്. അതിന് ശ്രീ. വി. കെ. രാജൻ ഇങ്ങനെ കുറ്റം പറഞ്ഞാൽ അതെന്ത് മര്യാദകേടാണ്. നാണംകെട്ട നടപടിയല്ലേ?

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ശ്രീ. എം. പി. ജോസഫിനെ അവിടെ നിന്ന് മാറ്റാൻ ഇടയായത് കേരളാ കോൺഗ്രസ്സിന്റെ നേതാവിന് പട്ടണത്തിനകത്ത് 4 സെന്റ് സ്ഥലം വിലയ്ക്ക് കൊടുക്കുന്നതിന് ശുപാർശ ചെയ്യാത്തതുകൊണ്ടാണെന്നറിയാമോ?.....(ബഹളം).....

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഇത് സഭയുടെ രേഖയിൽ കിടക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. കേരളാ കോൺഗ്രസ്സിന്റെ ഒരു നേതാവിന് സ്ഥലം പതിച്ച് കൊടുക്കാൻ വിസമ്മതിച്ചതുകൊണ്ടാണ് സ്ഥലം മാറിയത് എന്നൊക്കെ സഭയുടെ രേഖയിൽ കിടക്കുന്നത് ശരിയല്ല, അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല. കേരളാ കോൺഗ്രസ്സ് പാർട്ടി എറണാകുളത്ത് സ്ഥലം വില കൊടുത്ത് വാങ്ങിയതാണ്. അല്ലാതെ ആരും പതിച്ചുകൊടുത്തതോ സൗജന്യമായി കൊടുത്തതോ അല്ല. ഇവിടത്തെ എല്ലാ പാർട്ടികൾക്കും പണം കൊടുക്കാതെ ഈ രാജ്യത്ത് സ്ഥലം പതിച്ച് കൊടുത്തിട്ടുണ്ട്. പക്ഷെ ഇത് പണം കൊടുത്താണ് വാങ്ങിയത്, അതിന് എം. പി. ജോസഫുമായിട്ട് യാതൊരു ബന്ധവുമില്ല. ഇതൊക്കെ രേഖയിൽ വരുന്നത് വളരെ മോശമാണ്.

മി. ഡെ. സ്പീക്കർ: സഭാ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടുള്ള എല്ലാ കാര്യങ്ങളും സഭാ രേഖയിൽ നിന്നും മാറ്റുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: വില കൊടുത്തതാണെന്ന് അദ്ദേഹം പറഞ്ഞതിൽ യാതൊരു തർക്കവുമില്ല. അവിടെ കിട്ടാവുന്നതിന്റെ 1/10 പോലും വില കിട്ടിയിട്ടില്ല. ചെറിയ വിലയ്ക്ക് കൊടുക്കണമെന്ന് ശുപാർശ ചെയ്തതായിട്ട് കേട്ടു. അതിനെപ്പറ്റി അറിയാമോ?

ശ്രീ. വി. കെ. രാജൻ: രാഷ്ട്രീയ പാർട്ടികൾ വിലകൊടുത്ത് സ്ഥലം വാങ്ങിക്കാറുണ്ട്. ഇവിടെ നിസ്സാര വില കൊടുത്തത് ശരിയാണെങ്കിലും അത് ഏറ്റെടുക്കാൻ ശ്രീ. എം. പി. ജോസഫ് തയ്യാറല്ലായിരുന്നു. അദ്ദേഹത്തെ മാറ്റാൻ, ശ്രീ. മാണി പറയുന്നതുപോലെ.....(ബഹളം).....

ശ്രീ. പി. സി. ജോർജ്: സർ, അത് ശരിയല്ല. മുഴുവൻ രാഷ്ട്രീയപാർട്ടികൾക്കും കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്കും സൗജന്യമായി സ്ഥലം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: ഞാൻ വഴങ്ങിയിട്ടില്ല. ഞാൻ വഴങ്ങുന്നുമില്ല.

മി. ഡെ. സ്പീക്കർ: ഇവിടെ എന്താണ് നടക്കുന്നത്.

ശ്രീ. വി. കെ. രാജൻ: എനിക്ക് പ്രസംഗിക്കാനുള്ള പ്രൊട്ടക്ഷൻ അങ്ങ് തരണം. അല്ലാതെ ഞാൻ എന്ത് ചെയ്യാനാണ്. എന്റെ കുറ്റമാണോ ഇത്. ഞാൻ ഒരു പ്രാവശ്യം വഴങ്ങിയിരുന്നു.

മി. ഡെ. സ്പീക്കർ: അങ്ങ് വഴങ്ങുന്നതുകൊണ്ടാണ് വീണ്ടും വീണ്ടും ചോദ്യം ചോദിക്കുന്നത്.

ശ്രീ. വി. കെ. രാജൻ: സ്ഥലം മാറ്റത്തെപ്പറ്റി മാണി പറഞ്ഞത് ക്യാബിനറ്റ് തീരുമാനമാണെന്നാണ്. ക്യാബിനറ്റിൽ വരുന്നതിനു മുൻപ് ജോസഫിന്റെ വീട്ടിൽ പോയി മാണി പറഞ്ഞു 2 മാസം കഴിഞ്ഞ് മാറിയാൽ മതി, അതെന്റെ പ്രസ്റ്റീജ് പ്രശ്നമാണ് എന്ന്. എന്നാൽ അത് അംഗീകരിക്കാതെ ക്യാബിനറ്റിൽ ജോസഫ് കൊണ്ടുചെന്ന് അംഗീകരിച്ച തീരുമാനമാണ്. ആ രേഖ നോക്കണം. അപ്പോൾ ഞാൻ സൂചിപ്പിച്ചത് ഈ ഗവൺമെന്റിന് തെരഞ്ഞെടുപ്പ് നടത്താൻ ധൈര്യമില്ല. ധൈര്യമില്ലാതെ ഇരിക്കുന്നതെന്താ. കാരണം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്ത് സമസ്ത ജനവിഭാഗങ്ങളേയും ദ്രോഹിക്കുന്ന രീതിയിലുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും, കോർപ്പറേഷനുകളെയും പിരിച്ചു വിട്ടു. അതിന്റെ വികസന പ്രവർത്തനം സ്തംഭിപ്പിച്ചു. ഒരു രാജ്യത്തിന്റെ വികസന പ്രവർത്തനത്തിൽ ഏറ്റവും സജീവമായ പങ്കാളിത്തം വഹിക്കുന്ന ജനാധിപത്യപരമായ 3 മേഖലകളാണ് ഇവ. ഈ ജനാധിപത്യ സംവിധാനത്തിൽ വെള്ളമില്ല, വെളിച്ചമില്ല, റോഡില്ല. അങ്ങനെ എല്ലാം ഭരണകക്ഷിയുടെ ഏതു മന്ത്രിയാണോ വകുപ്പു കൈകാര്യം ചെയ്യുന്നത്, ആ മന്ത്രിയുടെ ആളുകൾ പറയുന്ന ഉദ്യോഗസ്ഥൻമാരെ മാത്രം നിയോഗിച്ച് അതിൽ നിന്നും വെട്ടിപ്പ് നടത്തുന്ന ഒരു നടപടിയാണ് ഈ സംസ്ഥാനത്ത് നിർബാധമായി നടന്നുവരുന്നത്. നമ്മുടെ സംസ്ഥാനത്ത് ജനങ്ങളെല്ലാം ഗവൺമെന്റിന്റെ ഭാഗത്താണെന്ന് പറഞ്ഞല്ലോ. അങ്ങനെയാണെങ്കിൽ തിരഞ്ഞെടുപ്പു നടത്തണമായിരുന്നു. നെൽകൃഷിക്കാരുടെ കാര്യം എടുക്കാം. ശ്രീ. തച്ചടി പ്രഭാകരൻ ഇവിടെ നിന്ന് വലിയ വർത്തമാനം പറഞ്ഞല്ലോ. അദ്ദേഹം നെൽകൃഷിക്കാർക്ക് വേണ്ടി പല പ്രഖ്യാപനങ്ങളും നടത്തി. അവർക്ക് എന്തെങ്കിലും ആനുകൂല്യം കൊടുത്തോ. ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഒരു വർഷത്തിൽ 100–150 കോടി രൂപ ഈ കേരളത്തിലെ നെൽകൃഷിക്കാർക്ക് സൗജന്യമായി കിട്ടുമായിരുന്നു. പക്ഷെ ശ്രീ. കെ. കരുണാകരന്റെ 5 വർഷക്കാലത്തെ ഭരണത്തിന്റെ ഫലമായി 750 കോടി രൂപയുടെ ആനുകൂല്യം നെൽകൃഷിക്കാർക്ക് നഷ്ടപ്പെട്ടു. ഇതിനിടയിൽ കേരളാ കോൺഗ്രസ്സിന്റെ നാലോ അഞ്ചോ ആളുകൾക്ക് പമ്പ് സെറ്റ് കൊടുക്കുമെന്നും ഇലക്ട്രിസിറ്റി കൊടുക്കുമെന്നുമൊക്കെ പറഞ്ഞ് കാശ് മേടിച്ചുവെങ്കിലും കൊടുത്തില്ല. നേരേമറിച്ച് നമ്മുടെ സംസ്ഥാനത്ത് 750 കോടി രൂപ കേരളത്തിലെ നെൽകൃഷിക്കാർക്ക് ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയിരുന്നുവെങ്കിൽ കിട്ടുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അത് നഷ്ടപ്പെടുത്തിയവരാണ്, കൃഷിക്കാരോട് ദ്രോഹം ചെയ്തവരാണ്. ഇവർ. 2-ാമതായി ഞാൻ പറയാൻ പോകുന്നത് കേരളത്തിലെ നാളികേര കർഷകരെ ഉദ്ധരിക്കാൻ വേണ്ടിയെല്ലാം ചെയ്തുവെന്ന് ശ്രീ. തച്ചടി പറഞ്ഞു. 75 പൈസ നാളികേരത്തിന് വിലയുണ്ടായിരുന്നത് ഇപ്പോൾ 4 രൂപയായി. നായനാർ അപ്പോൾ തന്നെ സൂചിപ്പിച്ചതാണ്. നാളികേര കർഷകർക്കു വേണ്ടി ഇടതുപക്ഷം സമരം നടത്തി, എം. എൽ. എ. മാരായ ഞങ്ങൾ പാർലമെൻറിനു മുൻപിൽ സമരം നടത്തി. ആ സമരം നടത്തിയപ്പോൾ ശ്രീ. നായനാരും, ശ്രീ. കെ. പി. പ്രഭാകരനും, ശ്രീ. ബേബീ ജോണും അടക്കമുള്ള നേതാക്കൾ പ്രധാനമന്ത്രിയേയും, ഭൂട്ടാസിംഗിനെയും കണ്ടപ്പോൾ എന്താണ് പറഞ്ഞതെന്ന് അറിയാമോ? നാളികേര കർഷകരെ പററി ഒരക്ഷരം പോലും ഞങ്ങളോട് കേരള ഗവൺമെൻറ് പറഞ്ഞിട്ടില്ല എന്നു പറഞ്ഞു. ഇത് മാത്രമല്ല നാളികേര കൃഷിക്കാരുടെ ആവശ്യം പറഞ്ഞപ്പോൾ തെങ്ങുകൃഷി മാററി എണ്ണപ്പന കൃഷിചെയ്യാനാണ് കേന്ദ്ര മന്ത്രി പറഞ്ഞത്. ഇവിടെയുള്ള മുഖ്യമന്ത്രിക്ക് അതു കേട്ടപ്പോൾ യാതൊന്നും പ്രതികരിക്കാനുണ്ടായില്ല. അതിൻെറ പേരിൽ കേരളത്തിലെ ജനങ്ങൾക്ക് 1,000 കോടി രൂപ നഷ്ടം വന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ: നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ട് വർഷങ്ങൾ 2 കഴിഞ്ഞു. അതിനെപ്പററി എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. വി. കെ. രാജൻ: സർ, ഈ മുഖ്യമന്ത്രിയുടെ പ്രസംഗം എന്തായാലും നുണയാണെന്ന കാര്യം കട്ടായമാണ്. ഒരു കാര്യം മാത്രമേ ഇതുവരെ നടത്തിയിട്ടുള്ളൂ. 'വാ' തുറക്കുന്നത് നുണ പറയാനും ഭക്ഷണം കഴിക്കാനും. രണ്ടു കാര്യത്തിനു മാത്രമേ അദ്ദേഹം 'വാ' തുറക്കുകയുള്ളൂ. അതാണ് കേരളത്തിലെ മുഖ്യമന്ത്രി. ശ്രീ. കെ. എം. മാണിക്കുമതറിയാം. അദ്ദേഹത്തെ എത്ര പ്രാവശ്യമാണ് പററിച്ചത്. ബാലകൃഷ്ണപിള്ളയ്ക്കുമറിയാം, അപ്പുറത്തിരിക്കുന്ന മറെറല്ലാ പേർക്കുമറിയാം. ഡോക്ടർ കെ. സി. ജോസഫിനുമറിയാം.

ഡോ. കെ. സി. ജോസഫ്: സർ, ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കണമെന്ന് അദ്ദേഹം ഇതുവരെ വാദിക്കുകയായിരുന്നു. ജനാർദ്ദനൻ നായർ കമ്മീഷൻ കർഷക തൊഴിലാളികൾക്ക് ഇപ്പോൾ കിട്ടുന്ന വേതനം കുറച്ചുകൊടുക്കണമെന്നും, ജോലി സമയം എട്ടുമണിക്കൂറാക്കി ഉയർത്തണമെന്നും പറഞ്ഞിരിക്കുന്ന ശുപാർശ അംഗീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: സർ, എസ്. ഗോപാലനെ കമ്മീഷനായി നിയോഗിച്ചു, ആ കമ്മീഷൻ റിപ്പോർട്ട് ഇവിടെ നടപ്പിലാക്കാതിരിക്കാനുണ്ടായ കാര്യമാണ് ഇവിടെ പറയുന്നതെന്ന് അറിയാമോ?

ശ്രീ. വി. കെ. രാജൻ: സർ, ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് ഈ സഭയുടെ മേശപ്പുറത്തു വച്ചിട്ടില്ല. അത് പത്രത്തിൽ കൂടിയാണ് നടപ്പിലാക്കിയത്. അത് നടപ്പിലാക്കാതിരിക്കാൻ വേണ്ടി ഒരു കമ്മീഷനെ നിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി: സർ, ഇവിടെ മുനിസിപ്പൽ കോർപ്പറേഷൻ അമൻറുമെൻറ് ബില്ലാണ് ചർച്ച ചെയ്യുന്നത്. അഗ്രിക്കൾച്ചറൽ ബിൽ അല്ല. ഈ ബില്ലിൻെറ പരിധി വിട്ടു പോകുന്നത് ശരിയാണോ.

ശ്രീ. വി. കെ. രാജൻ: സർ, മുനിസിപ്പാലിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്താതിരിക്കാൻ വേണ്ടിയാണ് നിങ്ങൾ ഈ ബിൽ കൊണ്ടു വന്നത്. നിങ്ങൾക്ക് ജനങ്ങളുടെ പിൻതുണയില്ലെന്ന് സമർത്ഥിക്കാനുള്ള കാരണങ്ങളാണ് ഞാൻ പറഞ്ഞത്. ഇവിടെ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ കർഷകത്തൊഴിലാളികളുടെ കാര്യമല്ല, കർഷകർക്ക് വേണ്ടിയിട്ടാണ് റിപ്പോർട്ട് വന്നത്. അതിൽ പറയുന്ന കാര്യങ്ങൾ നെൽക്കൃഷിക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ട്- ശ്രീ. ജോസഫ് ഇപ്പോൾ കർഷകത്തൊഴിലാളികളുടെ നേതാവ് ചമഞ്ഞ് കർഷകരെ പറ്റിക്കാൻ നടക്കുകയാണ്. 1,000 കോടി രൂപ കേരളത്തിലെ കർഷകർക്ക് നഷ്ടപ്പെട്ടു. അവർക്ക് അത് കിട്ടേണ്ടതാണ്. പക്ഷെ ആർക്കാണ് കിട്ടിയത്. ആ തുക ടാറ്റാ, ബിർല തുടങ്ങിയ കുത്തക മുതലാളിമാർക്ക് മാറ്റിക്കൊടുക്കാൻ വേണ്ടി കൂട്ടുനിന്ന ആളാണ് കരുണാകരൻ. അതിനു കൂട്ടുനിന്ന ശ്രീ. മാണി അതിൻെറ ഒരു ഓഹരി പറ്റുന്ന ആളാണ് ഡോ. കെ. സി. ജോസഫ് എന്ന കാര്യം അറിയാമോ? എന്നിട്ട് പറഞ്ഞത് എന്താണ്. ഇവിടത്തെ പരമ്പരാഗത കർഷകത്തൊഴിലാളികളും, ചുമട്ടു തൊഴിലാളികളും, കയർത്തൊഴിലാളികളും, മൽസ്യത്തൊഴിലാളികളും..... .....ഞങ്ങൾ ഉണ്ടാക്കിയ നിയമത്തിൻെറ അടിസ്ഥാനത്തിൽ കടലിൽ പോയി മൽസ്യം പിടിച്ച്, കടലിൽ വച്ച് തന്നെ മൽസ്യത്തിന് വില നിശ്ചയിച്ച്, സംഘത്തിന് മൽസ്യം കൊടുത്ത് പണം മേടിച്ച് മൽസ്യത്തൊഴിലാളികൾക്ക് ഒരു പരസ്പര ധാരണയിലൂടെ മനുഷ്യരായി നാട്ടിൽ നടക്കാമായിരുന്ന അവസ്ഥ നശിപ്പിച്ചവരല്ലേ ഇവർ. കേരളത്തിൽ 8, 10 ലക്ഷം മൽസ്യത്തൊഴിലാളികൾ ഉണ്ട്.

ശ്രീ. ഒ. ഭരതൻ: സർ, നമ്മുടെ സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ ഉണ്ടായിരുന്നുവെങ്കിൽ ഈ തൊഴിലാളികൾ ഇപ്പോൾ നടത്തുന്ന സമരം ഒത്തുതീർപ്പിൽ എത്തിക്കുന്നതിന് അതൊരളവോളം സഹായിക്കുമായിരുന്നു. അപ്പോൾ മുനിസിപ്പൽ കോർപ്പറേഷനുകളിലെ തൊഴിലാളികളുടെ സമരത്തോടനുബന്ധിച്ച് ഈ നഗരത്തിൽ വരുത്തുന്ന മലിനീകരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. വി. കെ. രാജൻ: സർ, ഈ ഗവൺമെൻറുതന്നെ മലിനീകരണ സ്വഭാവമുള്ളതാണ്. അവർക്കിവിടെ അന്യോന്യം അടുത്തിരിക്കാൻ പറ്റുമോ? ശ്രീ. തച്ചടി പ്രഭാകരൻെറയടുത്തു ശ്രീ. കെ. എം. മാണിക്കു ഇരിക്കാൻ പറ്റുമോ? ശ്രീ. തച്ചടി പ്രഭാകരന് ശ്രീ. കരുണാകരനെ കാണാൻ കഴിയുമോ?. അത്തരത്തിലുള്ള നാറ്റമാണിവിടെ ഉണ്ടായിരിക്കുന്നത്. അതാണ് ഈ ഗവൺമെൻറ്. നമ്മുടെ പരമ്പരാഗത വ്യവസായ തൊഴിലാളികളും, സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ തുടങ്ങിയുള്ളവരുടെ പ്രശ്നങ്ങൾ അടിച്ചമർത്തുന്ന

LIBRARY ARCHIVES Kerala Legislative Assembly

നടപടികളും കൈക്കൊള്ളുന്ന ഒരു ഒറ്റപ്പെട്ട ഗവൺമെന്റാണിത്. പോലീസ് അതിക്രമങ്ങളെക്കുറിച്ചു പറയുമ്പോൾ പാവപ്പെട്ട അന്ധ വിദ്യാർത്ഥികളെവരെ തല്ലിച്ചതച്ച കാര്യം എല്ലാവർക്കുമറിയാം. അങ്ങനെ ജനങ്ങളിൽനിന്നും പൂർണ്ണമായും ഒറ്റപ്പെട്ട ഒരു ഗവൺമെന്റാണിത്. പണ്ട് പോലീസിനാണെങ്കിൽ രണ്ട് ആയുധംമാത്രമേ ഉണ്ടായിരുന്നുള്ളൂ. തോക്കും ലാത്തിയും. ഇപ്പോൾ 'തങ്കമണി'യുടെപ്പടെ മൂന്നു ആയുധങ്ങളുണ്ട്. അങ്ങനെ പോലീസിനെ കയറൂരി വിട്ടിരിക്കുന്നു. ഈ ഗവൺമെന്റ് 'ഞങ്ങളും നല്ല ഭരണം കാഴ്ചവയ്ക്കുന്നു എന്ന് അവകാശപ്പെടുകയും ഒരു തിരഞ്ഞെടുപ്പ് നടത്താൻ സാദ്ധ്യമാകാത്ത വിധത്തിൽ ഇത്തരം ബില്ലുകളും കൊണ്ടുവരികയുമാണ് ചെയ്യുന്നത്.

സർ, മിത്രൻ നമ്പൂതിരി പറഞ്ഞു, കരുണാകരനിപ്പോൾ കണ്ടകശനിയാണെന്ന്. ആ കണ്ടകശനിയിൽനിന്നും രക്ഷപ്പെടാൻ വേണ്ടി കരുണാകരൻ ഇതിനിടയിൽ ഒരു രഹസ്യയാത്ര നടത്തി. പണ്ട് ബോംബെയിൽ പോയപോലെതന്നെ. മദ്രാസിൽപോയി മാധ്വിപതിയെക്കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു. 'വ്യാഴം പതിനൊന്നിലാണെന്ന്. ഫെബ്രുവരി രണ്ടു മുതൽ നല്ല കാലമാണെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, മാധ്വിപതി പറഞ്ഞിരിക്കുന്നത് ഫെബ്രുവരി രണ്ടു മുതലാണ് പതിനൊന്നിൽ വ്യാഴം എന്നാണ്. ഇപ്പോൾ പത്തിൽ വ്യാഴവും ഏഴിൽ ശനിയുമായതുകൊണ്ട് സ്ഥാനഭ്രംശം, ദ്രവ്യനാശം, മാനഹാനി എന്നിത്യാദി കഷ്ടനഷ്ടങ്ങളാൽ വിഷമിക്കേണ്ടിവരുമെന്നും രണ്ടാം തീയതിക്കുള്ളിൽ സ്ഥാനം നഷ്ടപ്പെട്ടു പോകുമെന്നും പറഞ്ഞിട്ടുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇങ്ങനെ ആദ്യം സംസാരിക്കുന്ന ആളുകൾ പ്രസംഗം നീട്ടിക്കൊണ്ടുപോയാൽ മറ്റ് അംഗങ്ങൾക്ക് സംസാരിക്കുന്നതിന് സമയം കിട്ടുകയില്ല. അതുകൊണ്ട് ദയവായി അങ്ങ് അവസാനിപ്പിക്കൂ.

ജലസേചനവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ കണ്ടകശനി നിയമസഭയെ ബാധിച്ചിട്ടുണ്ടോയെന്ന് തോന്നിപ്പോകുന്നു.

ശ്രീ. വി. കെ. രാജൻ: സർ, ഇവിടെ ശ്രീ. താമരാക്ഷൻ പറഞ്ഞതുപോലെ ശ്രീ. കരുണാകരന് സ്ഥാനഭ്രംശം സംഭവിക്കും എന്ന കാര്യത്തിൽ ആർക്കാണ് തർക്കം? ആ പാർട്ടിയിൽ ആർക്കെങ്കിലും തർക്കമുണ്ടോ? കരുണാകരൻ ഒരു ദിവസം മുമ്പേ കേർളത്തിൽനിന്നും പോയില്ലെങ്കിൽ ഈ കോൺഗ്രസ്സ് എന്നു പറയുന്ന പാർട്ടി കോൺഗ്രസ്സ് അല്ലാതാകുമെന്ന് ശ്രീ. പത്മരാജനും അറിയാം. ശ്രീ. എ. കെ. ആന്റണിയുടെ രഹസ്യറിപ്പോർട്ടുപോലും അതാണ്.

സർ, 21-ാം നൂറ്റാണ്ടിലേക്ക് രാജ്യത്തെ നയിക്കുകയാണ് പ്രധാനമന്ത്രി മി. രാജീവ് ഗാന്ധി. എന്നിട്ടാണ് രണ്ടാം നൂറ്റാണ്ടിലേക്ക് തിരിച്ചുവരുന്ന അല്പൻമാരായിട്ടുള്ള ആളുകളും ഇവിടെയു

LIBRARY ARCHIVES Kerala Legislative Assembly

ളളത്. ജോൽസ്യൻമാരുടെ അടിപ്രായം ആരാഞ്ഞുകൊണ്ട് ഇവിടെ തിരഞ്ഞെടുപ്പിനെപ്പററി ആലോചിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്ഥാനാർത്ഥി നിർണ്ണയം നടത്തുന്നു. പ്രബുദ്ധമായ കേരള സംസ്ഥാനത്തിന് ഇത് അപമാനമാണ്. ഇതാണ് ഇവിടെ നടക്കുന്നത്. അതുപോലെ സ്ഥാനാർത്ഥിനായിക്കിട്ടാൻവേണ്ടി കാലു പിടിക്കുന്ന പലരേയും എനിക്കറിയാം നമ്മുടെ എം. എ. ഹസ്സൻ എത്ര പ്രസംഗിച്ചാലും ഇവിടെ സീറ്റ് കിട്ടുകയില്ല. ഞാൻ ചോദിക്കുന്നു ഹസ്സന് സീറ്റ് കിട്ടുമോ? ഹസ്സൻ ഇവിടെ ലീഗിന്റെ വെസ്റ്റിലെ സീറ്റ് വാങ്ങിച്ച് നിൽക്കാൻ തീരുമാനിച്ചു. ഇനി കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. പി. പി. തങ്കച്ചൻ: സർ, ചെയറിനോടുള്ള അഭ്യർത്ഥനയാണ്. ബഹുമാനപ്പെട്ട രാജനും അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കും വേണമെങ്കിൽ രണ്ടു മിനിറ്റ് കൂടുതൽ കൊടുത്തുകൊള്ളൂ. ഞാൻ പ്രസംഗിക്കുന്നില്ല. അവർക്ക് ഇതാണ് അവസാനത്തെ ചാൻസ്.

ശ്രീ. വി. കെ. രാജൻ: സർ, എന്റെയൊരു നല്ല സുഹൃത്ത് ആണ് ശ്രീ. തങ്കച്ചൻ എന്നെനിക്കറിയാം. പക്ഷേ ഇപ്പോൾ തങ്കച്ചൻ കരുണാകരനിൽനിന്നും വിട്ടുപോയിരിക്കുകയാണ്. തങ്കച്ചനിപ്പോൾ സീറ്റ് കിട്ടണമെങ്കിൽ കെ. വി. തോമസ് പറയേണ്ട സ്ഥിതിയിലാണ്. കെ. വി. തോമസിന്റെ കൈയിലാണ് ഇപ്പോൾ അദ്ദേഹത്തിന്റെ സീറ്റ്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, കോൺഗ്രസ് (ഐ) യിൽ മൽസരിക്കാൻ ആഗ്രഹിക്കുന്ന സ്ഥാനാർത്ഥികളുടെയെല്ലാം ബയോഡേറ്റ വാങ്ങി അവരുടെയെല്ലാം ഗ്രഹനില നോക്കാൻവേണ്ടി മാധിപതിക്ക് അയച്ചുകൊടുത്തായി അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വി. കെ. രാജൻ: സർ, എന്തെല്ലാം അയച്ചുകൊടുത്താലും ആരു പറഞ്ഞാലും കരുണാകരന്റെ ചെറുമോന്റെ കാലുപിടിച്ച് എന്തെങ്കിലും ഔദാര്യം ചെയ്തുകൊടുക്കുന്ന ആംക്കല്ലാതെ രക്ഷയില്ല. എന്റെ സുഹൃത്ത് മി. രമേശിന് എന്തുകൊണ്ടാണ് മന്ത്രിസ്ഥാനം കിട്ടിയത്. കാലുപിടിച്ചിട്ടല്ലേ? നമ്മുടെ ഹസ്സനാണെങ്കിൽ ഇപ്പോൾ എല്ലാവരേയും വിട്ടു. ആൻറണിയെ വിട്ടു. വയലാർ രവിയെ വിട്ടു. വയലാർ രവി കരുണാകരൻ പറഞ്ഞതു കേട്ടില്ല. അതുകൊണ്ട് ഒറ്റയായി. അതല്ലേ കണ്ടത്. ഹസ്സൻ അങ്ങനെ ആകാതിരിക്കാൻ വേണ്ടിയുള്ള ശ്രമത്തിലാണ്. ബഹുമാന്യനായ സ്പീക്കർ സുധീരനെതിരായിട്ടു പോലും ഇവിടെ പ്രസംഗിച്ചു. ഞാൻ ആവർത്തിക്കുന്നില്ല. അദ്ദേഹത്തിനെതിരായിട്ട് ഹസ്സൻ പ്രസംഗിച്ചു. ജോസ് പ്രസംഗിച്ചു. കാരണം എങ്ങനെയെങ്കിലും കരുണാകരന്റെ കരുണ സമ്പാദിച്ചില്ലെങ്കിൽ ഒരിക്കൽപ്പോലും സ്ഥാനാർത്ഥിയാകാൻ പറ്റുകയില്ലെന്ന് അവർക്കറിയാം. എന്നാൽപ്പോലും, ഇനി ഹസ്സന് ലീഗിന്റെ റിപ്പബ്ലിക്ദിന ബഹിഷ്ക്കരണം ന്യായീകരിച്ച്, മലപ്പുറം ജില്ലയിൽ അല്ലാതെ ഇനി രക്ഷയില്ലെന്നു കണ്ട് ഇപ്പോൾ അവരുടെ പുറകിൽ ഓടുകയാണ്.

സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. ജനാധിപത്യവിരുദ്ധമായ നടപടികൾ അവസാനിപ്പിച്ച് തിരഞ്ഞെടുപ്പു നടത്താൻ നിങ്ങൾക്ക് സാദ്ധ്യമല്ല. അത് ഞങ്ങൾ നടത്തും. അടുത്ത നിയമസഭാ തിരഞ്ഞെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ അധികാരത്തിൽ വരുന്ന ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഗവൺമെൻറ് ആ തിരഞ്ഞെടുപ്പും നടത്തും. അന്ന് ശ്രീമാൻ മാണിയും കൂട്ടരും ഈ നിയമസഭ കാണുകയില്ല. ശ്രീ. കരുണാകരനും കാണുകയില്ല എന്നെനിക്ക് ഉറപ്പാണ്. മാണി എന്തായാലും ഉണ്ടാവുകയില്ല. കരുണാകരൻ ഇല്ലാത്ത നിയമസഭ, മാണിയില്ലാത്ത നിയമസഭ (അത് ജോസഫ്കാർ ഏറ്റിട്ടുണ്ട്) ആയിരിക്കും അടുത്തു വരുന്നത്. അപ്പോഴും ഈ തിരഞ്ഞെടുപ്പ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറ് നടത്തും, നിങ്ങൾക്ക് ഒരിക്കലും നടത്താൻ സാദ്ധ്യമല്ല എന്നു പറഞ്ഞുകൊണ്ട്, ഈ ബില്ലിനെ ഒരിക്കൽ കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, നമ്മുടെ സിറ്റി കോർപ്പറേഷനുകളിൽ ഇന്ന്, ജനാധിപത്യഭരണം ഇല്ലാത്തതുമൂലം ഈ ഗവൺമെൻറ് എന്തുമാത്രം നാറിക്കൊണ്ടിരിക്കുകയാണോ അതുപോലെ നമ്മുടെ കോർപ്പറേഷനുകളും ഈ ഗവൺമെൻറിന്റെ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനങ്ങളുടെ ഫലമായി നാറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ പല പത്രങ്ങളും നമ്മുടെ നാറുന്ന സിറ്റികളെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ ഗവൺമെൻറിനെ അനുകൂലിക്കുന്ന ചില പത്രങ്ങൾപോലും ഈ കോർപ്പറേഷനുകളിൽ ഇന്ന് നടക്കുന്നത് അഴിമതിയുടെ കൂത്തരങ്ങായ പ്രവർത്തനങ്ങൾ മാത്രമാണെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ ധാരാളം കഥകൾ ഈ പത്രങ്ങൾതന്നെ നിരത്തിവച്ചിട്ടുണ്ട്. അവിടെ ഈ ഉദ്യോഗസ്ഥൻമാർ വഴിയുള്ള പ്രവർത്തനങ്ങൾ എത്രകാലം ഇങ്ങനെ നീട്ടിക്കൊണ്ടുപോകുമെന്നുള്ളതിനെക്കുറിച്ച് ഭരണപക്ഷത്തും അതുപോലെ മറ്റെല്ലാ ഭാഗത്തും ഇപ്പോൾ സംശയമാണ്. ഈ കോർപ്പറേഷനുകൾ അടക്കമുള്ള ഭരണം എങ്ങനെയാണ് നിലനിർത്തിക്കൊണ്ടുപോകുന്നത്. അവിടത്തെ സാധാരണ ജീവനക്കാരുടെ പ്രശ്നങ്ങൾ ശ്രദ്ധിക്കാൻ ഇന്ന് ആരുമില്ലാതായിരിക്കുകയാണ്. നമ്മുടെ കോർപ്പറേഷനുകളിൽ ജീവനക്കാരുടെ സമരം നടക്കുമ്പോൾ അവിടെ തിരഞ്ഞെടുക്കപ്പെട്ട സമിതികളോ ജനപ്രതിനിധികളോ ഉണ്ടായിരുന്നെങ്കിൽ നമ്മുടെ സിറ്റികളിൽ ഇത്തരമൊരു ദുരവസ്ഥ വന്നാൽ അത് എന്താണെന്ന് ശ്രദ്ധിക്കുവാനും അതിന് പരിഹാരം ഉണ്ടാക്കാനും ഉള്ള പരിശ്രമങ്ങൾ നടത്തുമായിരുന്നു.

സർ, ഗവൺമെൻറിന്റെ കൂടി തീരുമാനത്തിന്റെ ഫലമായുള്ള വേജ് ബോർഡ് ശുപാർശകൾ നടപ്പിലാക്കാനുള്ള ഒരു പരിശ്രമവും നടക്കുന്നില്ല. എന്താണ് ഇതൊക്കെ നടപ്പിലാക്കുന്നതിന് ഗവൺമെൻറിനുള്ള തടസ്സം? ഈ ബില്ലിന്റെ ചർച്ചയ്ക്ക് മറുപടി പറയുമ്പോഴെങ്കിലും മന്ത്രി ഇക്കാര്യത്തിന് മറുപടി പറയണം. ഈ ജീവനക്കാർ അവസാനംവരെ ക്ഷമിച്ച് മുന്നോട്ടുപോയാലും അവരെ സമരത്തിലേക്ക് തള്ളിവിടുന്ന ഒരു ഗവൺമെൻറാണിത്. നമ്മുടെ മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരെ മാത്രമല്ല, ഈ ഗവൺമെൻറിന്റെ കഴിഞ്ഞ കാലഘട്ടത്തിലുള്ള മൊത്തം പ്രവർത്തനം എടുത്തു പരിശോധിച്ചാലും കാര്യങ്ങൾ മനസ്സിലാകും. ഇവിടെ സമരം ചെയ്തേ പറ്റൂ എന്ന് ഒരു തൊഴിലാളിക്കും നിർബന്ധം ഉള്ള കാര്യമല്ല. പണിയെടുക്കുന്ന തൊഴിലാളികളെ സമരത്തിലേക്ക് തള്ളിവിടുക, സമരം ചെയ്താൽ പുതിയ അവകാശങ്ങളൊന്നും കൊടുക്കുന്നില്ല എന്നു മാത്രമല്ല ഉള്ളതു മുഴുവൻ പിടിച്ചെടുക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെൻറ് കാണിക്കുന്നത്. പണിയെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്ക് ഒരു അവകാശവും കൊടുക്കാത്ത ഈ ഗവൺമെൻറ്, മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും ഭരണം കയ്യടക്കി വച്ചിരിക്കുന്ന ഈ ഗവൺമെൻറ്, അതിലെ ജീവനക്കാരെമാത്രം സമരത്തിലേക്ക് തള്ളിവിടാതിരിക്കും എന്ന് പ്രതീക്ഷിച്ചിട്ട് കാര്യമില്ല. ഗവൺമെൻറിന്റെ ഒരു പൊതുനയമാണിത്. പണിയെടുക്കുന്ന ആളുകളെ പരമാവധി ദ്രോഹിക്കുക, ശല്യം ചെയ്യുക, ഒരു മാർഗ്ഗവും ഇല്ലാതെ വരുമ്പോൾ സമരം ചെയ്താൽ ആ സമരത്തിന്റെ ഫലം ജീവനക്കാർ അനുഭവിച്ചുകൊള്ളട്ടെ, നാട്ടുകാർ അനുഭവിച്ചു കൊള്ളട്ടെ എന്നു പറയുക. ഇതാണ് ഇവിടെ നടക്കുന്നത്.

ഇതാണ് ഈ ഗവൺമെൻറിന്റെ സമീപനം. ആ സമീപനമാണ് മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരുടെ സമരത്തിലും ഗവൺമെൻറിന്റെ ശിങ്കിടി ഭരിക്കുന്ന ഇന്നത്തെ ഭരണസംവിധാനത്തിലും കാണുന്നത്. ഈ സമരംമൂലം നഗരത്തിലുണ്ടാകുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് ഇവിടെ താമസിക്കുന്ന ജനങ്ങൾക്കും, നിയമസഭാ സമ്മേളനത്തിനുവേണ്ടി ഇവിടെ വന്ന് തങ്ങുന്ന നിയമസഭാ സാമാജികൻമാർക്കും മനസ്സിലായിക്കൊണ്ടിരിക്കുകയാണ്. മറ്റു മേഖലകളിലുള്ള തൊഴിലാളികളോടുള്ള ഇന്നത്തെ ഗവൺമെൻറിന്റെ സമീപനവും ഇങ്ങനെയാണ്. ഈ ഗവൺമെൻറ് ഭരണത്തിൽ വരുന്നതിനുമുമ്പ് നാട്ടുകാരോട് പറഞ്ഞത് ഇവിടെയുള്ള എല്ലാ പ്രശ്നങ്ങൾക്കും കാരണം തൊഴിലാളികളാണെന്നാണ്. ഇവിടെ തൊഴിലാളികൾക്ക് സംഘടനകളുണ്ട്. തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്നു. ആ സമരങ്ങളിൽക്കൂടി അവർ നേട്ടങ്ങളുണ്ടാക്കുന്നു. ഇതൊക്കെയാണ് കേരളത്തിലെ ഏറ്റവും വലിയ കുഴപ്പങ്ങളെന്നാണ് ഈ ഗവൺമെൻറിന്റെ വക്താക്കളായ കോൺഗ്രസ്സ് (ഐ) യും കേരളാ കോൺഗ്രസ്സും ലീഗും എൻ. ഡി. പി. യും എസ്. ആർ. പി. യും കൂടി ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നത്. ആ തൊഴിലാളികളുടെ സമരങ്ങൾ ഒഴിവാക്കിയാൽ, തൊഴിലാളികളെ ഇങ്ങനെ പോകാൻ അനുവദിക്കാതെ തടഞ്ഞു നിറുത്തിയാൽ നാട്ടുകാർക്ക് ഗുണമുണ്ടാകുമെന്നാണ് ഇവർ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പറഞ്ഞത്. അങ്ങനെ ആളുകളെ തൊഴിലാളികൾക്കെതിരായി ചിന്തിപ്പിച്ചാണ് ഇവർ അധികാരത്തിൽ വന്നത്. ഇവർ അധികാരത്തിൽ വന്നതിനുശേഷം മൊത്തത്തിൽ ചെയ്തത്, എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾ നേടിയെടുത്ത സംഘടനാ സ്വാതന്ത്ര്യത്തെയും അവരുടെ അവകാശങ്ങളെയും അവരിൽനിന്ന് പിടിച്ചെടുത്തു എന്നതാണ്. സിറ്റി കോർപ്പറേഷനിലെയും മുനിസിപ്പാലിറ്റികളിലെയും ഭരണം ഗവൺമെൻറ് കൈക്കലാക്കിയതിനുശേഷം അവിടത്തെ ജീവനക്കാരെയും ഇപ്പോൾ സമരത്തിലേയ്ക്ക് തള്ളിവിട്ടിരിക്കുന്ന തരത്തിലുള്ള സമീപനമാണ് സ്വീകരിക്കുന്നത്. പണിയെടുക്കുന്നവരുടെ നേരെ, അവരുടെ പ്രശ്നങ്ങൾക്കു നേരെ ഗവൺമെൻറു പൊതുവിൽ ഇവിടെ ആനുവർത്തിച്ചുവന്ന സമീപനത്തിന്റെ ഫലമായി കഴിഞ്ഞ ഏതാനും ദിവസങ്ങളായി സമരം നടന്നുകൊണ്ടിരിക്കുകയാണ്. അത് ശ്രദ്ധിക്കുവാൻ ആരുമില്ല. തീർച്ചയായിട്ടും ജനപ്രതിനിധികൾ ഉണ്ടായിരുന്നെങ്കിൽ ശ്രദ്ധിക്കുമായിരുന്നു. എന്നിട്ട് പറയും തൊഴിലാളികൾ സമരം ചെയ്യുന്നുവെന്ന്. ഇതിന്റെയൊക്കെ ബുദ്ധിമുട്ട് മുഴുവനും അനുഭവിക്കുന്നത് നാട്ടുകാരാണ്. ഈ സമരങ്ങളിലേയ്ക്ക് തൊഴിലാളികളെ തള്ളിവിട്ടതാണ്. ഇത്തരം ജീവന

LIBRARY ARCHIVES Kerala Legislative Assembly

ക്കാരുടെ സമരങ്ങൾ നാട്ടിൽ പ്രശ്നങ്ങളുണ്ടാക്കുന്നു. എന്നാൽ ഇന്ന് ഇവിടെ നടക്കുന്ന സമരങ്ങൾക്കൊന്നും ഗവൺമെന്റിന് ഉത്തരവാദിത്വമില്ലെന്നാണ് പറയുന്നത്. കൃഷിക്കാരുടെ പ്രശ്നം വന്നാൽ, അവർ സമരം ചെയ്താൽ, അതിനെ ശ്രദ്ധിക്കുവാനോ നോക്കിക്കാണുവാനോ ആരുമില്ല. കർഷകരുടെ പ്രശ്നങ്ങളെന്താണെന്ന് മനസ്സിലാക്കുവാനോ, അതിന് എന്താണ് ചെയ്യേണ്ടതെന്ന് പരിശോധിക്കുവാനോ സമയമില്ല. ഇതിപ്പോൾ മാത്രമല്ല, ഒരിക്കലും സമയം ഉണ്ടായിട്ടില്ല. അതുകൊണ്ട് തീർച്ചയായിട്ടും ഈ സന്ദർഭത്തിൽ സിറ്റിയിലെ ജനജീവിതത്തിൽ വളരെയധികം പ്രശ്നങ്ങളുണ്ടാക്കുന്ന, ജീവനക്കാർക്കു വളരെയധികം ബുദ്ധിമുട്ടുകളുണ്ടാക്കുന്ന ഇത്തരം സമരങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണം.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, ഇന്ന് സിറ്റികളുടെയും കോർപ്പറേഷനുകളുടേയും ഭരണം കൈവശംവച്ചുകൊണ്ട് മുനിസിപ്പാലിറ്റികളിൽ നടക്കുന്നതുപോലെതന്നെ സിറ്റികളുടെയും കോർപ്പറേഷനുകളുടേയും വികസനത്തിനു വേണ്ടിയുള്ള ദൈനംദിന ശുചീകരണമടക്കമുള്ള പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഫണ്ടുകളും ധനവും മുഴുവൻ ഒരു പ്രത്യേക രൂപത്തിൽ ഭരണകക്ഷികളിൽപെടുന്ന ആളുകളുടെ കൈയിൽ വന്നു ചേരുന്നു. സാധാരണ മന്ത്രിമാർ യൂണിയനുകളുടെ ഭാരവാഹികളാകാൻ പാടില്ലെന്നാണ് നിർദ്ദേശം. സിറ്റി കോർപ്പറേഷനുകളിലെ ജീവനക്കാരുടെ യൂണിയനിൽത്തന്നെ പുതിയ പുതിയ പ്രസിഡണ്ടൻമാർ വരുന്നുണ്ട്. ശ്രീ. ടി. എം. ജേക്കബ് തന്നെ ഈയിടെ ഒരു കോർപ്പറേഷൻ ജീവനക്കാരുടെ യൂണിയന്റെ പ്രസിഡണ്ടായിയെന്ന് പത്രത്തിൽ വായിക്കുകയുണ്ടായി. ഇതൊക്കെ സംഘടിപ്പിക്കുന്നതിന്റെ പിറകിൽ ഒരു ഉദ്ദേശമുണ്ട്. മന്ത്രിമാരേയും ഭരണകക്ഷിയിലുള്ള നേതാക്കൻമാരേയുമൊക്കെ ഇങ്ങനെ നേതൃസ്ഥാനങ്ങളിലും മറ്റും വയ്ക്കുന്നതിന് പ്രത്യേക ഉദ്ദേശമുണ്ട്. ഭരണകക്ഷിയിൽ ശ്രീ. കെ. എം. മാണിയുള്ളതുകൊണ്ട്, ആ പാർട്ടിയിൽപ്പെട്ട ആരെങ്കിലും നേതാവാകുകയാണെങ്കിൽ കോർപ്പറേഷന്റെ ഭരണം നടത്തുന്ന ഉദ്യോഗസ്ഥൻമാർക്ക് എല്ലാ ഉദ്യോഗസ്ഥൻമാരും അങ്ങനെയാണെന്നു ഞാൻ പറയുന്നില്ല—ആ കോർപ്പറേഷന്റെ ഫണ്ടുകൾ ദുർവിനിയോഗം ചെയ്യുന്നതിനും അവരുടെ മറ്റു പ്രവർത്തനങ്ങൾക്ക് പ്രൊട്ടക്ഷൻ കിട്ടുന്നതിനും അത് സഹായകമാവുന്നു.

ശ്രീ. കെ. സി. ജോസഫ്: പണ്ട് സി. പി. ഐ. യിലെ മന്ത്രി ഇലക്ട്രിസിറ്റി ബോർഡിന്റെ ചുമതല വഹിച്ചിരുന്ന കാലത്ത് സി. പി. ഐ. യിലും ഇങ്ങനെയൊക്കെ നടന്നിട്ടുണ്ടോ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സി. പി. ഐ. യിലെ മന്ത്രി ഇലക്ട്രിസിറ്റി ബോർഡ് ഭരിക്കുമ്പോൾ ഏത് മന്ത്രിയായിരുന്നു യൂണിയൻ പ്രസിഡണ്ടെന്നു പറഞ്ഞാൽ കൊള്ളാം. അന്ന് നിങ്ങളുടെ സമീപനമൊന്നുമായിരുന്നില്ല ഉണ്ടായിരുന്നത്. ഭരണത്തിൽ ഇരുന്നുകൊണ്ട് അതേ യൂണിയനിലെ ആളുകൾ തന്നെ പ്രസിഡണ്ടു സ്ഥാനത്തിരിക്കുന്ന നിങ്ങളുടെ സമീപനമൊന്നും സി. പി. ഐ. ഭരണത്തിലിരിക്കുമ്പോൾ സ്വീകരിച്ചിട്ടില്ല. അതുപോലെ, ഞങ്ങളും നിങ്ങളും ഒരുമിച്ചിരുന്ന് ഭരിച്ചപ്പോഴും ഇന്ന് നിങ്ങൾ കാണിക്കുന്ന വേണ്ടാതീനമൊന്നും കാണിക്കുവാൻ ഞങ്ങൾ അനുവദിച്ചിരുന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആതാണ്. മറെറാരു പ്രത്യേകത. ഇന്ന് ഉദ്യോഗസ്ഥൻമാർ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഫണ്ട് പല രൂപത്തിൽ ദുർവിനിയോഗം ചെയ്യുന്നതിന്, അതെല്ലാം തെറെറായ രീതിയിൽ കൈക്കലാക്കുന്നതിന് ഒക്കെ നടത്തുന്ന പ്രവർത്തനങ്ങൾക്ക് പ്രൊട്ടക്ഷൻ കിട്ടാൻ വേണ്ടിയാണ് മന്ത്രിമാരെയും ഭരണകക്ഷി നേതാക്കൻമാരേയും യൂണിയനുകളുടെ ഭാരവാഹികളാക്കി വയ്ക്കുന്നത്. ഇത് രണ്ടു രൂപത്തിലാണ് നടക്കുന്നത്. ഇത് കോർപ്പറേഷനുകളിൽ മാത്രമല്ല, പഞ്ചായത്തുകളിലും നടക്കുന്നുണ്ട്.

എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിലെ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യം പറയാം. ഇപ്പോൾ കോൺഗ്രസ്സിന്റെ ബ്ലോക്ക് റാലി നടക്കുകയാണ്. ബ്ലോക്കു റാലിയുടെ ഫണ്ട് പിരിവിന് എക്സിക്യൂട്ടീവ് ഓഫീസർ നിർബന്ധമായും അയ്യായിരം രൂപ സ്ഥലത്തെ പ്രധാനികളിൽനിന്നൊക്കെ പിരിച്ചുകൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ സംസ്ഥാനത്തെ ഏത് പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറോടും.....

ശ്രീ. വി. ജെ. തങ്കപ്പൻ: കോൺഗ്രസ്സിന്റെ മണ്ഡലം റാലിക്ക് പോലീസ് ഉദ്യോഗസ്ഥൻമാർക്ക് കാട്ട നിശ്ചയിച്ചുകൊടുത്തതായിട്ടറിയാമോ? ആ റാലിയിൽ പങ്കെടുപ്പിക്കുന്നതിന് ട്രക്കർ, ലോറി, എന്നിവ പിടിച്ചുകൊടുക്കുവാനും മറും ഒരു പോലീസ് ഇൻസ്പെക്ടർക്ക് ഇത്ര രൂപയെന്നുള്ള രീതിയിൽ കാട്ട നിശ്ചയിച്ചുകൊടുത്ത് ആ വാഹനങ്ങളിൽ ആളുകളെ കൊണ്ടുവന്നാണ് റാലി നടത്തിയതെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: അത് പോലീസ് ഉദ്യോഗസ്ഥൻമാർക്കു മാത്രമല്ല, എല്ലാ വകുപ്പിലേയും ഉദ്യോഗസ്ഥൻമാർക്കുണ്ട്. കോൺഗ്രസ്സിന്റെ കയ്യിലിരിക്കുന്ന വകുപ്പുകൾക്ക് നിർബന്ധമായി കാട്ട തീരുമാനിച്ചുകൊടുക്കുന്നുണ്ട്. മറു ഘടക കക്ഷികളെയെല്ലാം ഇങ്ങനെ പല രൂപത്തിൽ ഒതുക്കിക്കൊണ്ടിരിക്കുകയാണ്. ഈ തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കോൺഗ്രസ്സുകാരൊക്കെ വളരെ ആവേശത്തോടുകൂടി പറയുന്നുണ്ട്. കേരള കോൺഗ്രസ്സിനെയും ലീഗിനെയുമൊക്കെ ഇതുപോലെ ഒതുക്കാൻ ശ്രമിക്കുന്നതോടൊപ്പം തന്നെ ഇവരുടെ കയ്യിലിരിക്കുന്ന വകുപ്പുകളിൽ നിന്ന് കാട്ട നിശ്ചയിക്കുന്ന സമീപനവുമുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ശ്രീ. രമേശ് ചെന്നിത്തലയുടെ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ അദ്ദേഹത്തിന്റെ കയ്യിൽ ഒരു പരാതി എഴുതിക്കൊടുത്തിട്ടുണ്ട്. ഒരു കോൺഗ്രസ്സ് സമ്മേളനത്തിന് പതിനായിരം രൂപ ചോദിച്ചപ്പോൾ കൊടുക്കാത്തതിന് ബ്ലോക്ക് ഓഫീസറേയും അവിടത്തെ ഉദ്യോഗസ്ഥൻമാരേയും സ്ഥലം കോൺഗ്രസ് നേതാക്കൻമാർ ആയുധമായി ചെന്ന് ബ്ലോക്ക് ഓഫീസിൽവച്ച് കയ്യോറം ചെയ്തുവെന്ന് പറഞ്ഞാണ് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് പരാതി എഴുതിക്കൊടുത്തത്. അങ്ങനെയൊരു സംഭവം ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ? അദ്ദേഹം ഇപ്പോൾ അവരെ വിളിച്ച് രമ്യമായി സംസാരിച്ചു വച്ചിരിക്കുകയാണ്. .....(ബഹളം).....അതെന്റെ മണ്ഡലത്തിൽ നടന്ന സംഭവമാണ്. നമ്മൾ രണ്ടുപേരുംകൂടി പങ്കെടുത്ത യോഗത്തിലാണ് അവർ പരാതി എഴുതിത്തന്നത്. നിഷേധിച്ചിട്ടു കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ശ്രീ. രമേശ് ചെന്നിത്തലയെ മന്ത്രിയാക്കിയിരിക്കുന്നതുതന്നെ.....

ശ്രീ. രമേശ് ചെന്നിത്തല: അങ്ങനെ ഒരു സംഭവം നടന്നിട്ടില്ല. അടിസ്ഥാനരഹിതമായ കാര്യമാണ് ആരോപിക്കുന്നത്. ചെട്ടികുളം പഞ്ചായത്തിലെ പരിപാടിയെ സംബന്ധിച്ച് അഭിപ്രായവ്യത്യാസത്തെക്കുറിച്ച് ചില തർക്കങ്ങളുണ്ടായിരുന്നു. അതനുസരിച്ചാണ് അവിടെ പ്രശ്നമുണ്ടായത്. സത്യത്തിന് നിരക്കാത്ത കാര്യങ്ങൾ പറയരുത്. അത് ശരിയല്ല.....(ബഹളം).....

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: ശ്രീ. രമേശ് ചെന്നിത്തലയെ മന്ത്രിയാക്കിയിരിക്കുന്നത് യൂത്ത് കോൺഗ്രസ്സ് ഫണ്ട് ആയിട്ടാണ്. മോഷ്ടിക്കുന്നതിന്റെ അംശം കാറായിട്ടും ധനമായിട്ടും ശ്രീ. എം. പി. ഗംഗാധരനും യൂത്ത് കോൺഗ്രസ്സുകാർക്കും ഓരോരുത്തർക്കായികൊടുക്കുന്നത് കണ്ടു മടുത്ത് ശ്രീ. കരുണാകരൻ വിചാരിച്ചു ഒരു ഫണ്ട് തന്നെ കൊടുത്തു കളയാമെന്ന്. ശ്രീ. രമേശ് ചെന്നിത്തല യൂത്ത് കോൺഗ്രസ്സ് ഫണ്ടായിട്ടാണ് മന്ത്രിയായിട്ടിരിക്കുന്നത്. കോൺഗ്രസ്സിന്റെ കയ്യിലുള്ള വകുപ്പുകൾ കോൺഗ്രസ്സിന്റെ ബ്ലോക്ക് റാലിക്കുള്ള ഫണ്ടാണ്; തിരഞ്ഞെടുപ്പ് ഫണ്ടാണ്. ഓരോ പാർട്ടിയുടെയും കയ്യിലുള്ള വകുപ്പുകൾ അതാതു പാർട്ടിയുടെ തിരഞ്ഞെടുപ്പ് ഫണ്ടുകൾ തന്നെയാണ്. നമ്മുടെ സുന്ദരം സ്വാമിയുടെ കയ്യിലിരിക്കുന്ന പഞ്ചായത്ത് വകുപ്പ് അദ്ദേഹത്തിനേറ്റതല്ലെന്ന് നമുക്കറിയാം. സുന്ദരം സ്വാമി കൊടുക്കുന്ന സ്റ്റേറെകൾ ആരു പറഞ്ഞിട്ടായാലും എന്താണെന്ന് വല്ല പഞ്ചായത്തും നോക്കുമോ? എന്റെ പഞ്ചായത്തുതന്നെ സുന്ദരം സ്വാമിയെക്കൊണ്ട് കോൺഗ്രസ്സുകാർ കൊടുപ്പിക്കുന്ന സ്റ്റേറെകൾ കൊണ്ട് ആകെ തകർന്നിരിക്കുകയാണ്. പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർക്ക് അയ്യായിരം രൂപ ബ്ലോക്ക് റാലിക്ക് കൊടുക്കുന്നതിന് ഉദ്ദേശമുണ്ട്. ആ പഞ്ചായത്തുകളുടെ ജനകീയ സമിതികൾ പിരിച്ചു വിട്ടശേഷം അതിലെ ഉദ്യോഗസ്ഥൻമാർക്ക് എന്തുമാത്രം ഉണ്ടാക്കാൻ കഴിയുമെന്ന് അവർക്കറിയാം. നടക്കാത്ത പണിയുടെ പേരിലും മാറു പലതിന്റെ പേരിലും എത്ര രൂപ ഈ ഉദ്യോഗസ്ഥൻമാർക്ക് ഓരോ കാര്യത്തിലും ഉണ്ടാക്കാൻ കഴിയുന്നു എന്നു മനസ്സിലാക്കി അതിന്റെ കൃത്യമായ വിഹിതം മേടിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർക്ക് ഉണ്ടാക്കാൻ കഴിയുന്നതിൽ നിന്ന് ബ്ലോക്ക് റാലിക്ക് കൊടുക്കുന്നത് 5,000 രൂപയാണെങ്കിൽ മുനിസിപ്പാലിറ്റികൾ കയ്യിലുള്ളവർക്ക് എന്തുവരുമെന്ന് അവർക്ക് അറിയാം.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട മെമ്പർ ബില്ലിന്റെ പരിധിക്കകത്തു നിന്നുകൊണ്ടാണ് സംസാരിക്കുന്നതെങ്കിലും സമയപരിധിക്കുള്ളിൽ പ്രസംഗം അവസാനിപ്പിക്കണമെന്നുള്ളതും പ്രധാനപ്പെട്ട കാര്യമാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: പഞ്ചായത്തിന്റെ ഭരണം കയ്യിലിരിക്കുന്ന ഉദ്യോഗസ്ഥൻ 5,000 രൂപ വീതം ഓരോ കാര്യത്തിനും കൊടുക്കുന്നു. ബ്ലോക്ക് റാലിക്ക് 5,000 രൂപ അപ്പോൾ തിരഞ്ഞെടുപ്പിന് എത്ര കൊടുക്കേണ്ടി വരുമെന്ന് ഊഹിച്ചാൽ മതി. മുനിസിപ്പാലിറ്റിക്ക് എത്ര തുക കൊടുക്കേണ്ടിവരുമെന്നുള്ളതും ഊഹി

LIBRARY ARCHIVES Kerala Legislative Assembly

ച്ചാൽ, മതി. കോർപ്പറേഷനുകളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും ഇതനുസരിച്ചുള്ള ഒരു വലിയ തോത് ഉണ്ട്. ആദ്യം കോൺഗ്രസ്സ് (ഐ) ക്ക് വേണം, അതുകഴിഞ്ഞാൽ ശ്രീ. കെ. എം. മാണിക്ക് വേണം. ഇതെല്ലാം നടപ്പിലാക്കുന്നത് ഉദ്യോഗസ്ഥൻമാരെ കൊണ്ടാണ്. അതുകൊണ്ട് ഉദ്യോഗസ്ഥൻമാർ ആകെ ചെയ്യുന്നത് ഈ ഫണ്ട് എത്രത്തോളം വസൂലാക്കി കോൺഗ്രസ്സിന് കൊടുക്കാം, കേരളാ കോൺഗ്രസ്സിന് കൊടുക്കാം എന്നുള്ളതാണ്. അങ്ങനെയുള്ള ഏജൻസിപ്പണി നടത്തുമ്പോൾ അവർക്ക് എന്തുമാത്രം പോക്കറ്റിലാക്കാം. അതുകൊണ്ട് നമ്മുടെ കോർപ്പറേഷനുകളിലെ വികസനപ്രവർത്തനങ്ങൾ ആകെ സ്തംഭിച്ച് താറുമാറായിരിക്കുന്നു. കോർപ്പറേഷൻ വക സാധാരണ ചെലവുകളിൽപ്പോലും ഒരുപാട് കൃത്രിമങ്ങൾ നടത്തുന്നു. ദൈനംദിന പ്രവർത്തനങ്ങളിൽ കൃത്രിമങ്ങൾ നടക്കുന്നു. ഈ പറയുന്ന ഭരണകക്ഷിയുടെ നേതാക്കൻമാരും ഉദ്യോഗസ്ഥൻമാരും ചേർന്ന് നിർമ്മാണങ്ങളിൽ ഡീസലടിക്കുന്നതു മുതൽ കുക്കിന്റെ ശമ്പളം വരെ ഈ സ്ഥാപനങ്ങളുടെ വരുമാനത്തിൽ നിന്നാണ് ചെലവഴിക്കുന്നത്. അങ്ങനെ മാറിയാൽത്തന്നെ അത് മന്ത്രിക്ക് ആണോയെന്ന് അറിയില്ല. കോർപ്പറേഷനുകളിലെ ഭരണം ജനകീയ സമിതികൾ ഇല്ലാത്തതുകൊണ്ട് അധഃപതിച്ച രീതിയിലാണ് കാണാൻ കഴിയുന്നത്. സിറ്റികളുടെ പ്രവർത്തനത്തിനും മുനിസിപ്പാലിറ്റികളുടെ പ്രവർത്തനത്തിനും പഞ്ചായത്തുകളുടെ പ്രവർത്തനത്തിനും ഇന്നുള്ള ഫണ്ടു മുഴുവൻ എങ്ങനെ ചെലവഴിക്കുന്നു എന്നു പരിശോധിച്ചാൽ അത് മുഴുവൻ കോൺഗ്രസ്സിനേറെയും ഭരണ കക്ഷിയുടേയും തിരഞ്ഞെടുപ്പു ഫണ്ടാക്കി മാറ്റുന്നതായി കാണാൻ കഴിയും. അത് തിരഞ്ഞെടുപ്പ് ഫണ്ടാക്കി മാറ്റുന്ന ഉദ്യോഗസ്ഥൻമാരുടെ വിഹിതവും ചേർത്താൽ ഈ കോർപ്പറേഷനുകളുടെയൊക്കെ പ്രവർത്തനം ആകെ സ്തംഭിക്കുന്നു. ഇതിൻ മേലുള്ള ഗവൺമെന്റിന്റെ സമീപനം ഉൾപ്പെടെ മനസ്സിലാക്കിക്കൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. എം. ജിനദേവൻ: സർ, ഞാൻ ഭേദഗതി കൊടുത്തിരുന്നു. സംസാരിക്കുന്നില്ല.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: സർ, ഇവിടെ സുപ്രീം കോടതിയുടെ ഒരു വിധി വന്നതിനുശേഷം ആണ് പുതിയ നിയമനിർമ്മാണത്തിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ഞാൻ കോഴിക്കോട് കോർപ്പറേഷനിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയാണ്. ഈ ബില്ലിനെ സംബന്ധിച്ച് പറയുമ്പോൾ കോഴിക്കോട് കോർപ്പറേഷനിലെ ജനസംഖ്യ കഴിഞ്ഞ സെൻസസിൽ 3,97,000 ആണ്. അതിനനുസരിച്ച് ഡീലിമിറ്റേഷൻ നടത്തണമെന്ന് സെൻസസ് നടത്തിയ കാലത്ത് ഗവൺമെന്റിന് തോന്നിയിട്ടില്ല. 1981-ലോ മറ്റോ ആണ് സെൻസസ് കഴിഞ്ഞത്. 1982-ൽ പുതിയ ഗവൺമെന്റും വന്നിട്ടുണ്ട്. കഴിഞ്ഞ കൗൺസിൽ പിരിച്ചുവിടുന്ന കാലത്ത് തിരഞ്ഞെടുപ്പ് നടത്തും നടത്തും എന്നു പറഞ്ഞ് കാലാവധി തീർന്നശേഷം, ഹൈക്കോടതിയുടെ വിധിയൊക്കെ വന്നതിനുശേഷമാണ് പുതിയ നിയമം ഓർഡിനൻസായി കൊണ്ടുവന്നത്. ഇവിടത്തെ ഒരു പ്രത്യേകത എന്താണെന്നു വച്ചാൽ പുതിയ നിയമത്തിൽ ഏഴായിരം ജനസംഖ്യയ്ക്ക് ഒരു വാർഡ് എന്നുള്ളത് ഈ നിയമത്തിലും ഉൾക്കൊ

LIBRARY ARCHIVES Kerala Legislative Assembly

ള്ളിച്ചിട്ടുണ്ട്. എന്റെ ഭേദഗതി ഇത് 5,000 ആക്കണമെന്നാണ്. അവിടെ ഡീലിമിറേഷൻ തുടങ്ങിയിരുന്നു. പക്ഷേ ഇന്നും അവിടെ ഡീലിമിറേഷൻ നടക്കുന്നില്ല. 55 ഡിവിഷനാക്കി പുതിയ നിയമം വരണം. കോർപ്പറേഷനിലെ പ്രത്യേക നിയമമുണ്ട്. അത് ഈ അസംബ്ലിയിൽ കൊണ്ടുവന്ന് പാസ്സാക്കിയാലേ ഡീലിമിറേഷന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്താൻ കഴിയൂ. അവിടത്തെ കോൺഗ്രസ്സുകാർ അത് 60 ആക്കണമെന്നു പറഞ്ഞ് പ്രമേയം പാസ്സാക്കി. അതിനുശേഷം ഡീലിമിറേഷൻ തുടങ്ങിയിട്ടില്ല. അതാണ് സ്ഥിതി. എനിക്ക് പറയുവാനുള്ളത് അയ്യായിരം എന്നുള്ള പൊതുതത്വം അംഗീകരിക്കണം. കോഴിക്കോട് കോർപ്പറേഷനെപ്പോലെ കൊച്ചിയിലെ കോർപ്പറേഷനെപ്പറ്റി എനിക്ക് അധികം വിവരമില്ല. കാരണം കൊച്ചിയിൽ കൂട്ടിച്ചേർത്ത പല പ്രദേശങ്ങളുമുണ്ട്. പതിനൊന്ന് സ്കയർ മൈൽസായിരുന്നു അന്നത്തെ മുനിസിപ്പാലിറ്റി. അതിനോട് 22 സ്കയർ മൈൽസ് ചേർത്ത് പതിനാറര ഡിവിഷനാക്കി—അൻപത് ഡിവിഷനുള്ളപ്പോൾ ബാക്കി 34 ഡിവിഷൻ പതിനൊന്ന് സ്കയർ മൈൽസിനകത്താണ്. ഇന്ന് അതിലേയ്ക്കും ബാധകമാക്കിയിട്ടുണ്ട്. ആ സിവിഷൻസൊക്കെ വളരെ പിന്നോക്ക ഡിവിഷൻസാണ്. അത് അയ്യായിരമെന്നുള്ള തത്വം കൂട്ടിചേർത്ത പ്രദേശത്തേക്കുകൂടി അംഗീകരിച്ചാൽ ആ ഡിവിഷന്റെ പരിധി കുറയും. കൂടുതൽ ഡവലപ്പ്മെന്റ്സ് ഉണ്ടാക്കാൻ കഴിയും. അതുകൊണ്ട് അത്തരത്തിൽ ഒരു ഭേദഗതി അംഗീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുന്നു.

ഇവിടെ ശ്രീ. സീതിഹാജിയും മറ്റും പറഞ്ഞു, ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ കാലത്താണ് ഇത്തരം നീട്ടലുകൾ ഉണ്ടായതെന്ന്. ഞാൻ അതിനോട് യോജിക്കുന്നില്ല. ശ്രീ. ഇ. എം. എസ്സിന്റെ ഗവൺമെന്റിന്റെ കാലത്ത് തിരഞ്ഞെടുപ്പ് കഴിഞ്ഞ സന്ദർഭത്തിലായതുകൊണ്ട്, പഞ്ചായത്ത് തിരഞ്ഞെടുപ്പ് നീട്ടിവെച്ചു. അതിനുശേഷം രാഷ്ട്രീയ കുഴപ്പങ്ങൾ ഉണ്ടായതുകൊണ്ട് നീണ്ടുപോയി എന്നേയുള്ളൂ. ഇൻഡ്യയിൽ സംസ്ഥാന ഗവൺമെന്റിന്റെ ചുമതലയാണ് ഇത്തരം പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് നടത്തുക എന്നുള്ളത്. പ്രതിപക്ഷ ഗവൺമെന്റ് ഭരിക്കുന്ന ബംഗാളിലും ത്രിപുരയിലും പത്തു കൊല്ലത്തിനകത്ത് രണ്ടു പ്രാവശ്യം തിരഞ്ഞെടുപ്പ് നടന്നു കഴിഞ്ഞു എന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് ആ കുറ്റം ഞങ്ങളുടെ പേരിൽ വേണ്ട. അവിടെ തോൽക്കുമെന്നോ ജയിക്കുമെന്നോ കണക്കാക്കിയല്ല തിരഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്. തോറ്റിട്ടുണ്ടാകാം ജയിച്ചിട്ടുണ്ടാകാം. ഇവിടെ പാർലമെന്ററി ഡമോക്രസിയിൽ സ്വയംഭരണ സ്ഥാപനത്തിലേക്ക് തിരഞ്ഞെടുപ്പ് നടത്തുമ്പോൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റികളുടെ കാലാവധി അഞ്ചു കൊല്ലത്തേക്ക് ആണെങ്കിൽ ഈ അഞ്ചു കൊല്ലത്തിനുള്ളിൽ തിരഞ്ഞെടുപ്പ് നടത്താനുള്ള ബാദ്ധ്യത ജനാധിപത്യ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റിനുണ്ട്. അതാണ് നിങ്ങൾ നിഷേധിച്ചിട്ടുള്ളത്. ഈ രണ്ടു കൊല്ലത്തിനുള്ളിൽ ജനാധിപത്യപരമായി നിങ്ങൾക്ക് ഒരു ചുക്കും ചെയ്യാൻ സാധിച്ചിട്ടില്ല. ഡീലിമിറേഷൻ പോലും അവിടെ നടക്കുന്നില്ല. കോഴിക്കോട് കോർപ്പറേഷനിലെ ആദായകരമായ സ്ഥാപനങ്ങളിൽ നിന്ന് കിട്ടുന്ന വരുമാനം എഴുപതുലക്ഷം രൂപയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടെ 4-ാം തീയതി ഒരു ഉൽഘാടനം ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ടല്ലോ? കോഴിക്കോട് കോർപ്പറേഷനിലാണ് ജയന്തി ബിൽഡിംഗ് ഉള്ളതെന്ന് എല്ലാവർക്കും അറിയാം. അവിടെ പത്തൊൻപതു മുറി പീടികകൾ ഉണ്ട്. 1971—ൽ 3,75,000 രൂപയ്ക്കാണ് ആ പത്തൊൻപതു മുറി പീടികകളും ലീസിന് കൊടുത്തത്. അത് ഒരു റിന്യൂവൽ കഴിഞ്ഞ്, രണ്ടാമത് റിന്യൂവലിന് വന്ന അവസരത്തിൽ അവിടെ കൗൺസിൽ പിരിച്ചുവിട്ടു. ആ പിരിച്ചുവിട്ട അവസരത്തിൽ കച്ചവടക്കാർ ഗവൺമെന്റിനെ സമീപിച്ച് ലീസ് കുറച്ച് കൊടുക്കാൻ വേണ്ടി പരിശ്രമിച്ചു. അതിനോടനുബന്ധിച്ച് ഒരു കേസ് നടന്നു. ഗവൺമെന്റല്ല, പ്രൈവറ്റ് പാർട്ടിയാണ് കേസ് നടത്തിയത്. ആ കേസ് സുപ്രീം കോടതി വരെപോയി, ഈ കച്ചവടക്കാർ തോറ്റ് പാളീസായി. അപ്പോൾ വീണ്ടും കൗൺസിലിലേക്ക് വന്നു. പുതിയ കൗൺസിൽ വന്നപ്പോൾ അത് അതേപടി പുതുക്കി. ആ പീടികകൾ ഓരോന്നും ശ്രീ. സുന്ദരം വകുപ്പു മന്ത്രിയായിരുന്ന കാലത്ത് 650 രൂപയാക്കി ചുരുക്കിക്കൊടുത്തു. ഇന്ന് ആ ഒരു മുറി പീടികയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി മാണി auction—ന് ഓർഡർ ഇടുകയാണെങ്കിൽ പതിനായിരം രൂപ കിട്ടും. അതാണ് 650 രൂപയ്ക്ക് കൊടുത്തത്. ഞാൻ ചോദിക്കട്ടെ auction—ൽ എടുത്ത പീടികകൾ കുറച്ചുകൊടുക്കുമ്പോൾ അതിനെന്തെങ്കിലും ഒരു നോംസ് അംഗീകരിക്കേണ്ടേ? ഉദാഹരണത്തിന് ആയിരത്തി അഞ്ഞൂറു രൂപയ്ക്ക് പിടിച്ചവനെ 750 രൂപയ്ക്ക് കുറച്ചുകൊടുക്കുകയാണ്. ഈ ഇനത്തിൽ 1971 മുതലുള്ള കുടിശ്ശിക വകയിൽ ഇരുപത്തിയഞ്ചുലക്ഷം രൂപയാണ് കോഴിക്കോട് കോർപ്പറേഷനു നഷ്ടം സംഭവിച്ചത്. അതിൽ രണ്ടുമുറി പീടിക ഇപ്പോഴും രണ്ടായിരം രൂപയ്ക്കുണ്ട്. നാലാം നമ്പരും 13—ാം നമ്പരും. ഒരൊറ്റ ബിൽഡിംഗിലെ 4—ാം നമ്പരും 13—ാം നമ്പരും. അതിനു ഇപ്പോൾ ഞങ്ങൾ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ഞാൻ ചോദിക്കുകയാണ് ഈ കോർപ്പറേഷൻ നിയമത്തിൽ ഒരു പ്രത്യേകതയുണ്ടോ? നമ്മുടെ നാരായണക്കുറുപ്പിനെയാണ് നിങ്ങൾ നിർബന്ധിച്ച്, ഇവിടെ സ്ട്രൈക്ക് തുടങ്ങിയ അവസരത്തിൽ ഗവൺമെന്റിനു കൗൺസിലിനെക്കൊണ്ട് അംഗീകരിപ്പിക്കാമായിരുന്നു. അയാളെ വേണമെങ്കിൽ കക്ഷിചേർക്കാമായിരുന്നു. പാവം ഉദ്യോഗസ്ഥകാലത്ത് ഒരു വീടുപോലും ഉണ്ടാക്കാത്ത ഉദ്യോഗസ്ഥനെ നഷ്ടപ്പെടുത്തേണ്ടെന്നു വിചാരിച്ച് ഞങ്ങൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തു. ഇരുപത്തിയഞ്ചു ലക്ഷം തിരിച്ചുകിട്ടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കാരണം ഇപ്പോൾ ഒരു ഓർഡർ ഇട്ടിരിക്കുകയാണ് നമ്മുടെ മന്ത്രി. ശ്രീ. മാണിയല്ല. കൗൺസിലിലേയ്ക്കയച്ച ഗവൺമെന്റിന്റെ ഓർഡറിൽ പറഞ്ഞിരിക്കുന്നു ഈ രണ്ടുമുറി പീടികക്കാർ ആവശ്യപ്പെടാത്തതുകൊണ്ടാണ് കുറച്ചു കൊടുക്കാത്തതെന്ന്. രണ്ടായിരം വീതം കൊടുത്തിട്ടുള്ള ആളുകൾ ആവശ്യപ്പെടാത്തതുകൊണ്ടാണ് കുറച്ചുകൊടുക്കാത്തതെന്നാണ് ഗവൺമെന്റിന്റെ ഓർഡറിൽ പറഞ്ഞിരിക്കുന്നത്. അതിന്റെ സർട്ടിഫൈഡ് കോപ്പി എന്റെ കയ്യിൽ ഉണ്ട്. ഏതായാലും ഒരു കാര്യം വളരെ വ്യക്തമാണ്, അവർ അത് കുറച്ചുകൊടുത്തിട്ടില്ല. കളക്ടറോട് ഞാൻ പറഞ്ഞു നിങ്ങളെ കക്ഷിചേർത്തിട്ടുണ്ടെന്ന്. പുതിയ കളക്ടറാണ്, ചെറുപ്പക്കാരനാണ്, ബുദ്ധിമുട്ടുണ്ടാവുകയില്ല. അതുകൊണ്ട് ഒരു കാര്യം വളരെ വ്യക്തമാണ്. ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഇതുപോലെയൊക്കെ ചെയ്യാൻ അർഹതയില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, മറെറാരുദാഹരണം ഒരു ബസ് സ്റാൻഡ് ഉൽഘാടന ചെയ്തു. അതിനെറ മുന്നിൽ എഴരയേക്കർ സ്ഥലം മൈതാനത്തിനും സ്റേറഡിയത്തിനെറ വികസനത്തിനും വേണ്ടി അകവയർ ചെയ്യാൻ തീരുമാനിച്ചു. അതിനെ പൊളിക്കാൻവേണ്ടി അവിടെ ആദ്യം ഒരു പള്ളി സ്ഥാപിച്ചു. ഞങ്ങൾ അതു കണ്ടിട്ട് മിണ്ടിയില്ല. ഒടുവിൽ കൗൺസിൽ പിരിച്ചു വിടാൻ സമയത്ത് ആ പള്ളിക്കാർ ഞങ്ങളെ സമീപിച്ചുപറഞ്ഞു, ആ പള്ളിക്ക് സ്ഥലം കൊടുക്കണം, അല്ലെങ്കിൽ അവിടെ ബിൽഡിംഗ് എടുക്കാൻ സമ്മതംകൊടുക്കണമെന്ന്. കൊടുക്കാൻ സാദ്ധ്യമല്ലെന്നു പറഞ്ഞു. ആ പള്ളി കോർപ്പറേഷനെറ സ്ഥലത്തെയ്ക്ക് അഡ്ജസ്ററ് ചെയ്തു. നാല് സെൻറ് അപ്പുറം കൊടുത്തു രണ്ട് സെൻറ് ഇങ്ങോട്ടും തന്നു. ഡോക്കുമെൻറ് യോജിച്ച് രജിസ്റർ ചെയ്തു. ആ സ്ഥലം കിട്ടാൻവേണ്ടി പള്ളിക്കാർ പരിശ്രമിക്കുന്നുവെന്നാണ് അറിവ്. അതും ഏകപക്ഷീയമായി ഈ ഗവൺമെൻറ് റവന്യൂ ബോർഡിനെക്കൊണ്ട് കോർപ്പറേഷനെറ സമ്മതമില്ലാതെ എക്സംപ്ററ് ചെയ്യുകയും ചെയ്തു. മൂന്നാമത്തേത് നമ്മുടെ ടൗൺ പ്ലാനിംഗ് ട്രസ്റിനെറ ചെയർമാൻ ശങ്കരനാരായണൻ, ഇവിടത്തെ സീനിയർ ഐ. എ. എസ്. ആളുകളുടെ നേതൃത്വത്തിൽ ഉള്ള ഈ കമ്മിറ്റിയിൽ 5 ഏക്കർ സ്ഥലം ബസ് സ്റാൻറിനെറ വടക്കു ഭാഗത്ത് ഓട്ടോമാറിക്കായിട്ട് എക്സംപ്ററ് ചെയ്തുകൊടുത്തു. അദ്ദേഹം രണ്ടാമതും ഗവൺമെൻറ് പരിശോധിക്കണമെന്നു പറഞ്ഞ് എഴുതി, അത് അങ്ങനെ ഇരിക്കുകയാണ്. ഞാൻ ചോദിക്കുന്നു സി.ഡി.എ., അവരെയൊക്കെ പിറകിലാക്കാം. കോർപ്പറേഷനോട് ബന്ധപ്പെട്ട് അല്ലെങ്കിലും കോർപ്പറേഷൻെറ വികസനത്തിന് അവരുംകൂടി പങ്കാളിയാണല്ലോ. കോർപ്പറേഷനുകളും പഞ്ചായത്തുകളും മറും പിരിച്ചു വിട്ടപ്പോൾ സി.ഡി.എ. യിലും തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ ഇല്ലാതായിപ്പോയി. അതിനുശേഷം പതിനെട്ടോ പത്തൊൻപതോ ആളുകളെ പുതുതായി നോമിനേറ് ചെയ്തു. സി. ഡി. എ. യിൽ എന്താണ് പണി. ഒരു പണിയുമില്ല. ഈ ശങ്കരനാരായണനു മാത്രം ചെയ്യാനുള്ള ജോലിയേയുള്ളൂ. സെക്രട്ടറിയുണ്ട്. പണ്ട് തിരഞ്ഞെടുപ്പിൽ കെട്ടിവച്ച പൈസ നഷ്ടപ്പെട്ട കോൺഗ്രസ്സുകാർ 14, 4 വട്ടൻമാർ വേറെ. സൂത്രത്തിൽ നാലു വട്ടൻമാരെയും വച്ചു. കോർപ്പറേഷൻെറ പരിധിയിൽ നിന്നു വന്നിട്ടുള്ള രണ്ട് എം. എൽ. എ. മാർ ഞാനും പി. എം. അബൂബേക്കറുമുണ്ട്. മൂസ്സക്കുട്ടിയും ആ ട്രസ്റിനെറ പരിധിയിലാണ്. പിന്നെ ശ്രീ. ഷൺമുഖദാസുമുണ്ട്. ഏക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഞങ്ങളില്ല. അവിടെ പി. എം. അബൂബേക്കർ മനസ്സിലാക്കണം ജനാധിപത്യരീതിയിൽ കഴിഞ്ഞ കൗൺസിലിൽ 5 കമ്മ്യൂണിസ്റുകാരെയും രണ്ട് ആളുകളെ വേറെയും തിരഞ്ഞെടുത്ത് സി. ഡി. എ. മെമ്പർമാരാക്കി. ആ സ്ഥാനത്ത് ഞങ്ങളുടെ പാർട്ടിയിലെ ഒരൊറ മെമ്പറെപ്പോലും നോമിനേറ് ചെയ്യാനുള്ള ധർമ്മികമായ സൻമനസ്സ് നിങ്ങൾ കാണിച്ചിട്ടില്ല. അതാണ് നിങ്ങളുടെ ഏകപക്ഷീയത; ജനാധിപത്യം. നിങ്ങൾ ജനാധിപത്യക്കാരാണല്ലോ. നിങ്ങൾ ചെയ്തു, ശ്രീ. മാണി ചെയ്തു എന്ന് ഞാൻ പറയുന്നില്ല. ശ്രീ. മാണിക്ക് അതിൽ പങ്കാളിത്തമുണ്ടെങ്കിൽ മാത്രമേ ശ്രീ. മാണി ചെയ്യൂ. ഇതിനൊന്നും പങ്കാളിത്തമുണ്ടെന്ന അഭിപ്രായം എനിക്കില്ല. ശ്രീ. സുന്ദരം വലിയ ശുദ്ധനാണെന്നാണ് പറയുന്നത്. ഇതൊക്കെ ചെയ്തത് ശ്രീ. സുന്ദരമാണ്. ശ്രീ. സുന്ദരം തന്നെ കോഴിക്കോട്ട് വന്ന അവസരത്തിൽ ബി. എം. ഗേൾസ് ഹൈസ്കൂളിനെറ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഉൽഘാടനത്തിൽ പറഞ്ഞു, ഈ അകമ്പടിസേവനം ഞങ്ങൾ തുടർന്നു നടത്താൻ സമ്മതിക്കുമെന്ന്. ആ ശ്രീ. സുന്ദരം തന്നെയാണ് റവന്യൂ ബോർഡിനെക്കൊണ്ട് ഏകപക്ഷീയമായി എക്സംപ്റ്റ് ചെയ്യിപ്പിച്ചത്. റവന്യൂബോർഡിന് അങ്ങനെ എക്സംപ്റ്റ് ചെയ്യാൻ അധികാരമുണ്ടെന്ന് ഞങ്ങൾക്ക് തോന്നുന്നില്ല. ഏകപക്ഷീയമായി കോർപ്പറേഷന്റെ സമ്മതമില്ലാതെ ചെയ്തതാണ്. ഷോ കാസ് നോട്ടീസ് പോലും കൊടുത്തിട്ടില്ല. ഞാൻ, അതും കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

സർ, ഈ കൗൺസിലിന് മുമ്പുള്ള കമ്മീഷണറായിരുന്നു കമിൻകമിനിയൽ റിവിഷൻ നടത്തിയിരുന്നത്. ഇപ്പോൾ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ മൂന്ന് കോർപ്പറേഷനുകളുണ്ട്. ഫിനാൻസ്, ഹെൽത്ത്, വർക്സ്. അതിൽ പ്രാധാന്യമുള്ളത് ഫിനാൻസ് കോർപ്പറേഷനാണ്. അവരാണ് നികുതി അപ്പീൽ എല്ലാം കേൾക്കുന്നത്. ഈ റിവിഷൻ നടത്തിയ ആളുതന്നെ അപ്പീൽ അതോറിറ്റി ആകാൻ പോവുകയാണ്. അപ്പോൾ മൂന്നു അധികാരവും കമ്മീഷണർക്കാണ്. ഞാൻ തന്നെ ഒരു ദിവസം മി. സുന്ദരത്തിനോട് പറഞ്ഞു ഈ സമ്പ്രദായം ശരിയല്ലെന്ന്. അപ്പീൽ അതോറിറ്റി ഈ രീതിയിൽ വയ്ക്കരുത്. ആ ആളുകൾ ആയിരവും മൂവായിരവും നാലായിരവും അയ്യായിരവും പതിനായിരവുമെല്ലാം എക്സംപ്റ്റ് ചെയ്തു. ബിൽഡിംഗിന് എത്രയോ ശതമാനം കുറച്ചുകൊടുത്തുകൊണ്ടാണ് അപ്പീൽ നടത്തിയത്. ഈ റിവിഷനിൽ പത്തുലക്ഷം ഉറുപ്പിക മാത്രമേ ഒരു പക്ഷേ കോർപ്പറേഷന് വർദ്ധനവുണ്ടായിട്ടുള്ളൂ. ആ രീതിയിലുള്ള അഴിമതി കാണിക്കാൻവേണ്ടിയാണ് നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട സമിതികൾ പിരിച്ചുവിട്ടത്. ജനാധിപത്യ രീതിയിലല്ല. ഞാൻ ആര് ഭരിക്കുന്നു, ആര് ഭരിക്കാൻ പോകുന്നു എന്ന തർക്കത്തിലേയ്ക്ക് പോകുന്നില്ല. ആരോ ഭരിക്കട്ടെ, ഭരിക്കാതെയിരിക്കട്ടെ. പക്ഷേ, തിരഞ്ഞെടുപ്പുവേണം. അതിൽ ഏത്, കോൺഗ്രസ്സുകാരൻ ആയാലും (ഐ) ആയാലും, (ഐ) യും (എ) യും കൂടിയായാലും കമ്മ്യൂണിസ്റ്റുകാരൻ ആയാലും ഇടതുപക്ഷമായാലും ആരായാലും തിരഞ്ഞെടുക്കപ്പെട്ട ഒരു സമിതിയുണ്ടായിരുന്നുവെങ്കിൽ ഇന്ന് ഒനഹ്റു കപ്പ് ഫുട്ബോൾ ടൂർണമെൻറ് ഈ സഭാവേത്തിൽ വരുമായിരുന്നില്ല. ഇപ്പോൾതന്നെ ഉയർന്ന രീതിയിൽ കളിക്കുന്നില്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ, ഇതിനേക്കാൾ ശക്തമായ നിലയിൽ കൗൺസിൽ കൂടി ഉണ്ടായിരുന്നുവെങ്കിൽ മുന്നോട്ടുപോകാമായിരുന്നു. ഇപ്പോൾ കോർപ്പറേഷനിലൊക്കെ പണിമുടക്കാണ്. മാതൃഭൂമി പത്രത്തിൽ പരിസരശുചീകരണം നടക്കാത്തതുമൂലം നാറ്റം അനുഭവപ്പെടുന്നതായി റിപ്പോർട്ട് വന്നു. അതുപോലെ തന്നെ പച്ചക്കറി മാർക്കറ്റ്. ഓരോ ദിവസവും പത്തും ഇരുപതും ലോറി ചണ്ടി നീക്കിയാൽ മാത്രമേ ഓരോ ദിവസവും ക്ലീയർ ചെയ്യാൻ കഴിയൂ. ആ ചണ്ടി അളിഞ്ഞുകൊണ്ടിരിക്കുകയാണ്; വൃത്തികേടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് എത്രയുംവേഗം ആ പണിമുടക്ക് കൂടി അവസാനിപ്പിക്കണം. അതുപോലെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നത് 22 സ്കയർ മൈൽ സ്ഥലത്ത് അഞ്ചുലക്ഷം എന്നുള്ള നിലയിലും മറ്റുള്ള സ്ഥലത്ത് ഏഴ് ലക്ഷം എന്നുള്ള നിലയിലും അംഗീകരിച്ചാൽ ആ ഭാഗത്തേയ്ക്ക് 16 ഡിവിഷനുപകരം ആറോ ഏഴോ ഡിവിഷൻസ് ഒരിടത്തു വർദ്ധിക്കും. ബാക്കി മറ്റിടത്തു വർദ്ധിക്കും. ആ

LIBRARY ARCHIVES Kerala Legislative Assembly

നിലയ്ക്ക് കോൺഗ്രസ് കമ്മിറ്റി പാസ്സാക്കിയത് ഞാനും അംഗീകരിക്കുന്നു. എങ്കിലും ഡീലിമിറ്റേഷൻ നടത്തി അവിടെ എത്രയും വേഗം തിരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ പ്രകടിപ്പിച്ച ഉൽക്കണ്ഠയ്ക്കൊന്നും അവകാശമില്ല. ആകെ മുപ്പതുമാസമാണ് ചോദിച്ചിരിക്കുന്നത്. തിരഞ്ഞെടുപ്പു നീട്ടിവയ്ക്കാൻ കുറച്ചുകൂടി മാസങ്ങൾ വേണമെങ്കിൽ ഈ അമൻറ്മെൻറിൽ അത് കൊണ്ടുവരാമായിരുന്നു. ഈ ഓർഡിനൻസ് ഇഷ്യു ചെയ്തതുമുതൽ മുപ്പതു മാസമാണ്. അത് ഈ മാർച്ചുമാസംകൊണ്ട് അവസാനിപ്പിക്കുകയാണ്. ഏതായാലും ഒരു പരിസമാപ്തി ഇതിൽ വേണം. നമുക്ക് തിരഞ്ഞെടുപ്പിലേയ്ക്ക് നീങ്ങണം. തിരഞ്ഞെടുക്കപ്പെട്ട ബോഡികളും എത്രയും പെട്ടെന്ന് നിലവിൽ വരണം എന്നുള്ളതാണ് ഗവൺമെൻറിന്റെ സുദൃഢമായ അഭിപ്രായം. അതുകൊണ്ട് ആ ഉൽക്കണ്ഠയ്ക്ക് യാതൊരു അവകാശവുമില്ല. എത്രയുംവേഗം ഈ ബിൽ നമുക്ക് പാസ്സാക്കേണ്ടതുണ്ട്. രണ്ടാം വായനയിലേക്ക് എത്രയും പെട്ടെന്ന് നമുക്കു കടക്കാം. എന്റെ പ്രസംഗം ഞാൻ ചുരുക്കുകയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1936-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

വകുപ്പുതിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്. Sir, I move that: "Delete clause 2 and revive the original provision". 1960-ൽ കേരള മുനിസിപ്പൽ ആക്ട് എന്ന പേരിൽ ഒരു നിയമം പാസ്സാക്കി. ആ നിയമത്തിലെ എട്ടാം വകുപ്പിലെ പ്രൊവൈസോ എടുത്തുകളയണമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അതു നിലനിർത്തണമെന്നാണ് എന്റെ അമൻറുമെൻറ്. 1960-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ സെക്ഷൻ 8-ൽ ഒരു പ്രൊവൈസോ ഉണ്ട്. മുനിസിപ്പാലിറ്റികളുടെ കാലാവധി തീരുമ്പോൾ ആ കാലാവധി നീട്ടിക്കൊടുക്കാനുള്ള അധികാരം ഈ സഭ ഗവൺമെൻറിനു നൽകി. 26 വർഷം മുമ്പ് ഗവൺമെൻറിനു കൊടുത്ത ഒരു അധികാരമാണ് ഇത്.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): അതല്ല സർ, അമൻറ്മെൻറ്. വർക്കല രാധാകൃഷ്ണൻറെ അമൻറ്മെൻറ് വേറെയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, 40-ാം നമ്പർ ഭേദഗതി എന്നു പറഞ്ഞതുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞത്. 40 അല്ലെങ്കിൽ വേറെ ഉണ്ട്. അത് എൻറെ കുറ്റമല്ല.

മി. ചെയർമാൻ: ശ്രീ. വർക്കല രാധാകൃഷ്ണൻ മുനിസിപ്പൽ കോർപ്പറേഷൻ ആക്ടിൻറെ നാല്പതാം നമ്പർ ഭേദഗതിയെപ്പറ്റിയാണ് പറയുന്നത്.

ശ്രീ. കെ. എം. മാണി: സർ, അദ്ദേഹം ഇപ്പോഴും പറയുന്നതും അതുമായിട്ട് ഒരു ബന്ധവുമില്ല. വർക്കല രാധാകൃഷ്ണൻ ഇപ്പോഴും വന്നതേയുള്ളു. ബില്ല് മാറിപ്പോയി.

മി. ചെയർമാൻ: ബിൽ മാറിപ്പോയി. മുനിസിപ്പൽ കോർപ്പറേഷൻ അമൻറുമെൻറ് ബില്ലിനെ പറ്റിയാണ് പറയേണ്ടത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, നമ്മൾ രണ്ടു ബില്ലുംകൂടി ഒന്നിച്ചല്ലേ ചർച്ച ചെയ്തത്?

മി. ചെയർമാൻ: അല്ല. ഈ ബില്ലിലെ വകുപ്പുതിരിച്ചുള്ള പരിഗണനയിൽ രണ്ടാം വകുപ്പിലെ 40-ാം നമ്പർ ഭേദഗതിയാണ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ചിട്ടുള്ളത്.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ബഹുമാനപ്പെട്ട രാധാകൃഷ്ണനോട് ഞാൻ ചോദിച്ചത് അങ്ങ് പറയുന്നതിൽ എന്തോ ഒരു അസാംഗത്യമുള്ളതുകൊണ്ടാണ്. അങ്ങ് പറയുന്ന ബില്ലിലെ പ്രൊവിഷൻസും ഇവിടെ ഡിസ്കസ് ചെയ്യുന്നതുമായിട്ട് വ്യത്യാസമുള്ളതുകൊണ്ട് ചോദിച്ചതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ നോക്കിയിട്ടാണു പറഞ്ഞത്. രണ്ടു ബിൽ ഉണ്ട്. കേരള.....

വനംവകുപ്പു മന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, അദ്ദേഹം ഭേദഗതി അവതരിപ്പിക്കുന്ന ബിൽ നേരത്തേ പാസ്സായിപ്പോയി എന്നാണു തോന്നുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, അങ്ങ് 40-ാം നമ്പർ ഭേദഗതിയെന്നു പറഞ്ഞതുകൊണ്ടാണ് ഇങ്ങനെ വന്നത്. എൻറെ രണ്ടു ഭേദഗതിയുടേയും നമ്പർ 40 ആണ്. അങ്ങ് അതിൽ എതാണെന്നു പറയണ്ടേ?

മി. ചെയർമാൻ: 1986-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ബില്ലാണ് ഇപ്പോഴും ചർച്ച ചെയ്യുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അത് സ്പെസിഫൈ ചെയ്തു പറയണം. കേരള മുനിസിപ്പൽ (രണ്ടാം ഭേദഗതി) ബില്ലും കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ബില്ലുമാണ് നമ്മൾ ചർച്ചക്ക് എടുത്തത്. ഈ രണ്ട്.....

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): Sir, I am on a point of order. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഒരു ഭേദഗതി അവതരിപ്പിക്കുകയാണ്. സഭയിലെ അംഗങ്ങൾക്ക് അദ്ദേഹം അവതരിപ്പിക്കുന്ന ഭേദഗതി എന്താണെന്ന് അറിയാനുള്ള അവകാശമുണ്ട്. അദ്ദേഹത്തിന്റെ ഭേദഗതിയുടെ നമ്പർ പറഞ്ഞ് അത് ഇവിടെ വായിക്കണം. വായിച്ചിട്ട് അത് ഇവിടെ മൂവ് ചെയ്യണം എന്നിട്ട് സംസാരിക്കണം. കഴിഞ്ഞുപോയ ഒരു നിയമത്തെ സംബന്ധിച്ച് ഈ ബില്ലിലെ ഒരു വകുപ്പിന്റെ പേരിൽ ഭേദഗതി അവതരിപ്പിച്ചത് ഓർഡറിലാണോ സർ? അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹം ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഭേദഗതി ഒന്നു വായിക്കട്ടേ. ഇത് ഏതു വകുപ്പിനുള്ള ഭേദഗതിയാണെന്നു പറയണമെന്ന് വളരെ വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

മി. ചെയർമാൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ബില്ലിന്റെ അമൻറ്മെൻറാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: നിങ്ങൾ നാൽപ്പതാം നമ്പർ ഭേദഗതിയെന്നു പറഞ്ഞപ്പോൾ നാൽപ്പതാം നമ്പരിലുള്ള വേറൊരു ഭേദഗതിയുമുള്ളത് എന്റേതാണ്. നേരത്തേ പറഞ്ഞ നാൽപ്പതും ഇപ്പോൾ പറഞ്ഞ നാൽപ്പതുമെല്ലാം എന്റെ ഭേദഗതികളാണ്.

മി. ചെയർമാൻ: താങ്കൾ അതൊന്നു വായിക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ശ്രീ. അഹമ്മദ് പറയുന്നതായ കുഴപ്പമൊന്നും അതിലില്ല. 40 എന്ന നമ്പരിലുള്ള രണ്ടു ഭേദഗതികൾ എന്റെ പേരിലുണ്ട്.....ഇപ്പോൾ പറഞ്ഞ മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ബില്ലിനുള്ള ഭേദഗതിയാണ് അങ്ങ് ഉദ്ദേശിക്കുന്നതെങ്കിൽ ഞാൻ അത് അവതരിപ്പിക്കാം. അതിൽ ഇപ്പോൾ കൊടുത്തിരിക്കുന്നത്.....

Sir, I move that in clause (a) of sub-section (i) of section 5 of the Principal Act, proposed to be substituted by clause (2) for two words "seven thousand" and the words "five thousand" substitute the words "five thousand" and the words three thousand" respectively.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇപ്പോൾ പറഞ്ഞത് ശരിയാണ്. ഇതിനുമുമ്പു പറഞ്ഞതു മുഴുവൻ സഭയുടെ രേഖയിൽനിന്ന് expunge ചെയ്യണം.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, അദ്ദേഹം കഴിഞ്ഞ പ്രാവശ്യം പറഞ്ഞ ആ പ്രൊവൈസോ പ്രകാരം ഗവൺമെൻറിന് എക്സ്റ്റൻറ് ചെയ്യാനുള്ള അവകാശമുണ്ട്. അത് എടുത്തു മാറ്റണമെന്നാണു പറഞ്ഞത്. അങ്ങനെ ഒരു ഭേദഗതിയേ ഇവിടെ ഇല്ല. ഇപ്പോൾ പറഞ്ഞ ഭേദഗതി മാത്രമേയുള്ളൂ. അതുകൊണ്ട് ആദ്യം പറഞ്ഞ ഇല്ലാത്ത ഭേദഗതിയെ സംബന്ധിച്ച് മൂവ് ചെയ്യാത്ത അമൻറ്മെൻറ് ആയതുകൊണ്ട് ആ ഭാഗം നടപടിച്ചട്ടങ്ങളിൽനിന്ന് നീക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ പ്രൊവൈസോ ഇതിനകത്തും ഉണ്ട്.....

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഇത് നടപടിച്ചട്ടങ്ങളിൽനിന്ന് നീക്കേണ്ട കാര്യമില്ല. ആ പ്രൊവൈസോയെ സംബന്ധിച്ച് താഴെ സെക്ഷൻ 67-ൽ ഒരു ഭേദഗതി വരുന്നുണ്ട്. അതുകൊണ്ട് ഇത് പറയാവുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ പറയാം. ഒന്നാമതായി ഇതിനെസംബന്ധിച്ച് നമ്മൾ മനസ്സിലാക്കിയിരിക്കാനുള്ളത് മുനിസിപ്പൽ കോർപ്പറേഷൻ അമൻറ്മെൻറ് ആക്ടിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ് പ്രൊവൈസോ എടുത്തുകളയുക എന്നത്. അതുസംബന്ധിച്ചുള്ള ഭേദഗതി ഞാൻ കൊടുത്തിട്ടുണ്ട്. ആ ഭേദഗതി വരുന്നുണ്ട്. അത് ഉദ്ദേശിച്ചാണ് ഞാൻ പറഞ്ഞത്. ഒരു കാര്യം ഞാൻ പറയാം. ഈ നിയമം കൊണ്ടു വന്നത് എന്തിനാണ്? ആ പ്രൊവൈസോ എടുത്തുകളയണം. 1961–ലെ മുനിസിപ്പൽ കോർപ്പറേഷൻ ആക്ട് പ്രകാരം കേരളത്തിലുള്ള മൂന്നു കോർപ്പറേഷനുകളായ തിരുവനന്തപുരം, കൊച്ചി, കാലിക്കട്ട് കോർപ്പറേഷനുകളുടെ കാലാവധി തീരുന്ന മുറയ്ക്ക് ആ കാലാവധി നീട്ടിക്കൊടുക്കാൻ ഗവൺമെൻറ് ബാദ്ധ്യസ്ഥമായിരുന്നു. ഈ സഭ ഗവൺമെൻറിനു കൊടുത്ത അധികാരം, കഴിഞ്ഞ 25 സംവൽസരമായി സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിൽക്കുന്ന ഒരു അധികാരം വെറും രാഷ്ട്രീയമായ.....

ജലസേചനവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, വീണ്ടും വർക്കല രാധാകൃഷ്ണൻ പുറകോട്ടു പോകുകയാണ്. അതല്ല അമൻറ്മെൻറ്. 40–ാമത്തെ അമൻറ്മെൻറ് എന്നു പറയുന്നത് ഡീലിമിറ്റേഷൻ ആണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ആ അമൻറ്മെൻറിലേക്കു വരുന്നുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ഒന്നു ചുരുക്കി സംസാരിക്കണം. സമയം പോകുന്നു. ഇനി അര മണിക്കൂറേ ഉള്ളൂ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ആ അമൻറ്മെൻറിലേയ്ക്കാണു വരുന്നത്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, അദ്ദേഹം നിയമപണ്ഡിതനാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നിട്ട്, "Suppression veri suggestio falsi" .....ഇതാണ് അദ്ദേഹം ഇവിടെയിപ്പോൾ നടത്തുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട അഹമ്മദ് ഒരുകാര്യം മനസ്സിലാക്കണം. ഈ ബില്ലിൻെറ ആവശ്യമെന്തായിരുന്നു? പ്രൊവിഷൻ എടുത്തുകളയുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നത്. അതിനെപ്പറ്റിയാണു ഞാൻ പറയാൻ പോകുന്നത്. The principal purpose of this Act was to defeat the elected Bodies of the Kerala State Municipal Corporation.

LIBRARY ARCHIVES Kerala Legislative Assembly

Industries Minister (**Shri E. Ahammed**) : You should not have moved an amendment to this provision. You are speaking out something which is not there in the.....

ശ്രീ. വർക്കല രാധാകൃഷ്ണൻ: I am speaking about this particular Clause. ഈ പർട്ടിക്കുലർ ക്ലാസ്സിനെ സംബന്ധിച്ചാണു ഞാൻ സംസാരിക്കുന്നത്. വാസ്തവം പറഞ്ഞാൽ.....

മി. ചെയർമാൻ: അങ്ങയുടെ അമൻറ്മെൻറ് മൂവ് ചെയ്തു കഴിഞ്ഞല്ലോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, അമൻറ്മെൻറ് മൂവ് ചെയ്താൽ മാത്രം പോരാ. എനിക്ക് ഈ അമൻറ്മെൻറിനെക്കുറിച്ചു സംസാരിക്കാനുണ്ട്. ഇതിൽ നിയമപ്രകാരമുള്ള ഏതു ചോദ്യത്തിനും ഞാൻ ഉത്തരം പറയാം.

സർ, ഒരു മുനിസിപ്പൽ കൗൺസിലിലെ വാർഡുകളിലേയ്ക്കുള്ള ജനസംഖ്യാപരിധി ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത് 7,000 ആണ്. ഈ 7,000 എന്നുള്ളത് കൂടുതലാണ്. അത് അയ്യായിരമായി കുറവ് ചെയ്യണം. ശ്രീ. ഗോവിന്ദക്കുറുപ്പ് ഇവിടെ പ്രസംഗിച്ചതാണ്. ശ്രീ. കുറുപ്പ് പറഞ്ഞതുപോലെ കോർപ്പറേഷൻ കൗൺസിലിന്റെ ജനസംഖ്യ അയ്യായിരമായി പരിമിതപ്പെടുത്തണമെന്നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. 7,000 വും 5,000 വുമാണ് ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ള നിയമത്തിലുള്ളത്. ആ 7,000 എന്നുള്ളത് 5,000 ആക്കുകയും 5,000 എന്നുള്ളത് 3,000 ആക്കുകയും ചെയ്താൽ പ്രായോഗികമായി കൂടുതൽ ജനപ്രാതിനിധ്യം ഈ തിരഞ്ഞെടുക്കപ്പെട്ട സമിതികളിൽ ഉണ്ടാവും. എന്തിനാണ് എണ്ണം കുറയ്ക്കുന്നത്? ന്യായമായിട്ട് ഒരു വാർഡിലെ ജനസംഖ്യ 5,000 മായി പരിമിതപ്പെടുത്തി, 5,000 ത്തിന് ഒന്ന് എന്നുള്ള ഭേദഗതി അംഗീകരിക്കണം. അയ്യായിരത്തിന്റെ ഫ്രാക്ഷൻ വരുന്നതിന് മിനിമമായി സ്വീകരിക്കേണ്ടത് മൂവായിരമാണ്. അത് സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട കെ. എം. മാണി സമ്മതിക്കണം. മദ്രാസ് സിറ്റി കോർപ്പറേഷനിൽ അതാണ് സ്വീകരിച്ചിരിക്കുന്നത്. അതുപോലെതന്നെ ബോംബെ മുനിസിപ്പൽ കോർപ്പറേഷനിലും അതാണ്. അതുകൊണ്ടാണ് ഞാൻ മാണിയോട് പറയുന്നത് നമ്മുടെ കോർപ്പറേഷനുകളിലെ തിരഞ്ഞെടുക്കപ്പെട്ട സമിതികളിലെ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുകൊണ്ട് യാതൊരു അപകടവും ഇല്ല എന്ന്. അക്കാരണത്താൽ 5,000 വും 3,000 വുമായി കുറയ്ക്കണമെന്നുള്ള ഭേദഗതി ഞാനവതരിപ്പിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

42. In clause (a) of sub-section (1) of section 5 of the Principal Act proposed to be substituted by clause 2 for the words "not less than "five thousand" substituted the words "not less than three thousand and five hundred".

43. To clause (a) of sub-section (1) of section 5 of the Principal Act proposed to be substituted by clause 2 add the following proviso namely:

LIBRARY ARCHIVES Kerala Legislative Assembly

"Provided that the representatives of recognised political parties functioning in the state shall be given an opportunity of being heard before the number of members of each corporation is fixed by the Government".

ഇവിടെ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ വാർഡ് വിഭജനം നടന്ന സന്ദർഭത്തിൽ ചേർത്തിട്ടുള്ളത് 7,000 വും 5,000 വുമാണ്. ആ 7,000 എന്നുള്ളത് 3,500 ആക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. സാധാരണഗതിയിൽ 50 ശതമാനമോ അതിൽ കൂടുതലോ ഉള്ളത് ഒന്നായി പരിഗണിക്കുകയെന്നുള്ള തത്വമനുസരിച്ച് തന്നെ 7,000 എന്നുള്ളത് 3,500 ആയി അംഗീകരിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. അതുപോലെതന്നെ ഇതിൽ ഒരു പുതിയ പ്രോവൈസോ എഴുതി ചേർക്കണമെന്നുള്ളതാണ് എന്റെ 43–ാം നമ്പർ ഭേദഗതി. ഈ തീരുമാനമെടുക്കുന്ന സമയത്ത് വാർഡ് വിഭജനം നടത്തുകയും അതിൻമേൽ അവസാന തീരുമാനം എടുക്കുകയും ചെയ്യുന്നതിനു മുൻപ് നമ്മുടെ സംസ്ഥാനത്ത് അംഗീകരിക്കപ്പെട്ട പൊളിറ്റിക്കൽ പാർട്ടീസിന്റെ പ്രതിനിധികളെ ആ കോർപ്പറേഷൻ അതിർത്തിയിലുള്ളവരുടെ അഭിപ്രായം കൂടി കേൾക്കുകയും അവരുടെ ആക്ഷേപങ്ങൾ കേട്ടതിനുശേഷം ഫൈനലാക്കുകയും ചെയ്യണമെന്നുള്ളതാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. ആ ഒരു പ്രോവിസോ കൂടി ചേർക്കണമെന്നുള്ളതാണ്. അത് മന്ത്രി അംഗീകരിയ്ക്കുമെന്ന് വിശ്വസിക്കുന്നു.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ഒരു തത്വമുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പറയുകയാണെങ്കിൽ അത് സ്വീകരിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാർ പറഞ്ഞു 7,000 ത്തിനുപകരം 5,000 ആക്കണമെന്ന്. ബഹുമാനപ്പെട്ട കാനം പറയുന്നു 3,500 ആക്കണമെന്ന്. 5,000 എന്നു പറയുന്നതും 3,500 എന്നുപറയുന്നതും തമ്മിൽ ഒരു സാങ്കേതികത ഇല്ല. അതുകൊണ്ട് ആ നിലയിൽ ഞാൻ.....

ശ്രീ. കാനം രാജേന്ദ്രൻ: ഒരു പ്രിൻസിപ്പിൾ എന്നുള്ള നിലയിൽ ആണ് പറഞ്ഞത് 50% ത്തിന് മുകളിലുള്ളത് ഒന്നായി പരിഗണിക്കണമെന്നുള്ള തത്വത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കണമെന്നാണ്.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണനും ബഹുമാനപ്പെട്ട കാനം രാജേന്ദ്രനും പറയുന്നത് തമ്മിൽ വളരെയധികം ഡിഫറൻസ് ഉണ്ട്. 5,000 വും 3,500 ഉം. അപ്പോൾ ആ നിലയിൽ വളരെ അഭിപ്രായ വ്യത്യാസം പ്രതിപക്ഷമെമ്പർമാർക്കിടയിൽ പോലും ഉള്ളതുകൊണ്ട് എനിക്ക് അത് സ്വീകരിക്കാൻ നിവൃത്തിയില്ല. അക്കാര്യത്തിൽ ഏകാഭിപ്രായമായിരുന്നുവെങ്കിൽ അത് സ്വീകരിയ്ക്കാമായിരുന്നു. ഏതായാലും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ ഏഴായിരമെന്നുള്ളത് സ്വീകരിയ്ക്കുന്നതിൽ ഒരു അപകടവുമില്ല. അത് പാസ്സാക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3–ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: 3–ാം വകുപ്പിൽ പറയുന്നത് പ്രിൻസിപ്പൽ ആക്ടിലെ സെക്ഷൻ 67–നോടനുബന്ധിച്ചുള്ള പ്രൊവിസോ ഡെലീറ്റ് ചെയ്യണമെന്നുള്ളതാണ് ഈ ഔദ്യോഗിക ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്. സെക്ഷൻ 67–ൽ പ്രിൻസിപ്പൽ ആക്ടിൽ പറയുന്നത് "Provided that the Government may by notification in the Gazette from time to time extend the said term by such period not exceeding one year in the aggregate as may be prescribed in the notification".

ഇവിടെ സൂചിപ്പിച്ചതുപോലെ ഈ തെരഞ്ഞെടുക്കപ്പെട്ട സമിതികൾക്ക് വീണ്ടും ഒരു പ്രത്യേക സാഹചര്യമുണ്ടായാൽ കാലാവധി നീട്ടിക്കൊടുക്കുന്നതിനുവേണ്ടി 1970–ൽ ഒരു ഭേദഗതി മൂലം പ്രിൻസിപ്പൽ ആക്ടിൽ ചേർത്താണ് ഇപ്പോൾ ഡെലീറ്റ് ചെയ്യാൻ വേണ്ടി ആവശ്യപ്പെട്ടിരിക്കുന്നത്. അത് ജനാധിപത്യ വിരുദ്ധമാണ് അതുകൊണ്ട് അത് പാടില്ലെന്നാണ് എന്റെ അഭിപ്രായം.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഗവൺമെന്റിന് എക്സ്റ്റെൻഡ് ചെയ്യാനുള്ള അധികാരം ഇനി വേണ്ടെന്നു പറയുന്നത് എത്രയോ ജനാധിപത്യപരമാണ്. വേണ്ടെന്ന് പറഞ്ഞത് ഇനി വേണമെന്ന് പറഞ്ഞ് ഗവൺമെന്റിനെ കൊണ്ട് അത് എക്സ്റ്റെൻഡ് ചെയ്യിപ്പിക്കാനുള്ള അധികാരം ഗവൺമെന്റ് ഏറെടുക്കണമെന്ന് പറയുന്നതിൽ വലിയ അർത്ഥമില്ല. അതുകൊണ്ട് ഇത് ഡെലീറ്റ് ചെയ്തത് തന്നെ വളരെ ശരിയാണ്.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

4–ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാനെന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

In clause 4, for the words "shall be exercised by the Government in accordance with such rules as may be prescribed by them in that behalf" substitute the following namely:—

"shall be exercised by the Administrative Committee consisting of all the Councillors of the Municipal Corporations of the City of Thiruvananthapuram, Cochin and Calicut which was in office immediately before the 30th day of September 1984".

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഠ പറഞ്ഞതുപോലെ തന്നെ ഈ ഗവൺമെൻറിൽ അധികാരം നിക്ഷിപ്തമാക്കുന്നത് ശരിയല്ലെന്നുള്ളതുകൊണ്ട് shall be exercised by the government in accordance with such rules as may be them in that behalf; prescribed by എന്നുള്ളതിനു പകരം, പഴയ കമ്മിറ്റിയിൽ തന്നെ വയ്ക്കത്തക്കവിധം ഒരു ഭേദഗതിയാണ് ഞാൻ മൂവ് ചെയ്തിട്ടുള്ളത്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): ഇതിൽ വൈരുദ്ധ്യമുള്ളത് കൗൺസിൽ പിരിഞ്ഞുപോയി. അതിനു ശേഷം ആ പിരിഞ്ഞുപോയ കൗൺസിൽ മെമ്പർമാരെ വച്ചുകൊണ്ട് മറെറാരു കമ്മിറ്റി തട്ടിക്കൂട്ടണമെന്നാണ്. അത് പരസ്പര വൈരുദ്ധ്യമായതുകൊണ്ട് സ്വീകരിക്കാൻ പറ്റുകയില്ല. അതിനോട് യോജിക്കുന്നില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

4–ാം വകുപ്പ് ബില്ലിൻെറ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ടു അംഗീകരിച്ചു.

4–ാം വകുപ്പ് ബില്ലിൻെറ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): For clause 5, the following clause shall be substituted, namely:—

"5. Repeal and saving:—(1) Sections 4 and 6 of the Kerala Municipal Laws (Amendment) Ordinance, 1986 (72 of 1986), are hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the Principal Act as amended by the said section 4 or under section 6 ofr said Ordinance shall be deemed to have been done or taken under the Principal Act as amended by this Act or under the corresponding Provision of this Act".

ഇത് ഒരു ഒഫീഷ്യൽ അമെൻറുമെൻറാണ്. അത് ഓർഡിനൻസ് റിപ്പീൽ ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. ഓർഡിനൻസ് 72. 1986-ലെ 72–ാം നമ്പർ ഓർഡിനൻസ് റിപ്പീൽ ചെയ്യുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇതിനെപ്പറ്റി അങ്ങ് ഇന്നലെ റൂളിംഗ് നൽകിയതുകൊണ്ട് ഞാൻ പറയുന്നില്ല. പക്ഷേ അതാണ് പ്രശ്നം. ഇപ്പോഠ ശ്രീമാൻ മാണിയ്ക്ക് തന്നെ സംശയമായിരിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. രാധാകൃഷ്ണൻ, അങ്ങ് അതിൻെറ വളരെ പ്രസക്തമായ ഭാഗങ്ങഠ അതിമനോഹരമായി ഇവിടെ അവതരിപ്പിച്ചു കഴിഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: അത് ഞാൻ പറയാം. ഇന്നലെ....

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇനി ആൻറി ക്ലൈമാക്സിൽ വരും.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അത് എനിക്കല്ല. നിങ്ങളുടെ കാര്യമാണ്. നിങ്ങൾക്കാണത്. മാണിയ്ക്കാണ്.

മി. സ്പീക്കർ: അങ്ങ് അത് വളരെ ഫലപ്രദമായി അവതരിപ്പിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അതേ. അവതരിപ്പിച്ചു. അതല്ല ഞാനിപ്പോൾ അവതരിപ്പിക്കാൻ പോകുന്നത്. വാദി പ്രതിയാക്കുന്ന പാടമല്ല ഞാൻ പറയാൻ പോകുന്നത്. ഞാൻ പറഞ്ഞത് അത് ഒന്ന് ഡെലീറ്റു ചെയ്യണം എന്നാണ്. ആ റിപ്പീൽ ചെയ്യുന്ന വകുപ്പ് ഡെലീറ്റ് ചെയ്യണം. മാണിയ്ക്ക് രണ്ടാമത് സംശയം തോന്നിയതുകൊണ്ടാണ് അദ്ദേഹം ഇപ്പോൾ ഒരു അമെൻറുമെൻറുമായി വന്നത്. നേരത്തേ സബ്ജക്ടു കമ്മിറ്റി റിപ്പോർട്ട് ചെയ്തു വന്ന ഒറിജിനൽ അമെൻറുമെൻറിൽ അല്ല ബഹുമാനപ്പെട്ട മന്ത്രിയിപ്പോൾ ചെന്നെത്തിയിരിക്കുന്നത്. ഇപ്പോൾ മന്ത്രി ചെന്നെത്തിയിരിക്കുന്നത് ഒരു സംശയത്തിൻറെ അടിസ്ഥാനത്തിലാണ്. എന്തെങ്കിലും കാരണവശാൽ ഈ റിപ്പീൽ പ്രൊവിഷൻ തള്ളിപ്പോയാൽ പിടിച്ചു നിൽക്കാനുള്ള ഒരു വയ്ക്കോൽ തുരുമ്പായിട്ടാണ് ശ്രീമാൻ മാണിയുടെ ഇപ്പോഴത്തെ പുറപ്പാടും ഇപ്പോഴത്തെ ഈ ഭേദഗതിയും. ഇതെല്ലാം ഒരു ജുഡീഷ്യൽ സ്ക്രൂട്ടിനി വന്നാൽ എന്തായിരിക്കും സ്ഥിതിയെന്ന് ഞാൻ ഇപ്പോൾ പ്രവചിക്കാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് സ്നേഹമായിട്ടുള്ള സുരക്ഷിതമായിട്ടുള്ള മാർഗ്ഗം ആ വകുപ്പ് എടുത്തു കളയുകയാണ്. അതുകൊണ്ട് സ്നേഹബുദ്ധ്യാ അത് എടുത്തു കളഞ്ഞിട്ട് ഈ ഞാണിൻമേൽ കളി അവസാനിപ്പിക്കണമെന്ന് മന്ത്രിയോടുള്ള എല്ലാ ബഹുമാനത്തോടുംകൂടി ഞാനഭ്യർത്ഥിക്കുകയാണ്.

ശ്രീ. കാനം രാജേന്ദ്രൻ: മന്ത്രി അംഗീകരിക്കുകയില്ല, എങ്കിലും ആ വകുപ്പ് ഡെലീറ്റു ചെയ്യണമെന്നുള്ളതാണ് എൻറെ ഭേദഗതി. അതായിരിക്കും ഈ നിയമത്തിന് നല്ലത് എന്നാണെൻറെ അഭിപ്രായം.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സ്നേഹത്തോടുകൂടി ഉപദേശിച്ചപ്പോൾ അത് സ്വീകരിയ്ക്കണമെന്നുണ്ടായിരുന്നുവെങ്കിലും രണ്ട് ഫാലസി അതിനകത്തുണ്ട്. ഒന്ന് ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇത് ഡെലീറ്റ് ചെയ്താൽ രണ്ടു നിയമം ഉണ്ടായിരിക്കും. ഓർഡിനൻസും ആറാഴ്ചക്കാലത്തേയ്ക്ക് ഉണ്ടാവും; ഈ നിയമവും ഉണ്ടാവും. രണ്ടാമത്, സുപ്രീം കോടതിവരെ പറയുന്നു ഓർഡിനൻസ് അങ്ങനെ നിലനിൽക്കാൻ പാടില്ലെന്ന്. ഓർഡിനൻസ് Re promulgate ചെയ്തു നിലനിൽക്കാൻ പാടില്ലെന്ന്. Re-promulgate ചെയ്തു നിൽക്കരുതെന്നു സുപ്രീം കോടതി പറഞ്ഞതിൻറെ അടിസ്ഥാനത്തിൽ സ്പെഷ്യൽ സെഷൻ കൂടി നിയമനിർമ്മാണം പാസ്സാക്കിയതിനുശേഷവും വർക്കലയെപ്പോലുള്ള ഒരു അഭിഭാഷകൻ വീണ്ടും ആ ഓർഡിനൻസ് നിലനിൽക്കണമെന്ന് പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ആൻറി ക്ലൈമാക്സിലേയ്ക്കു പോയതുകൊണ്ടാണ്. ഇന്നലത്തെ ആർഗ്യൂമെൻറിന് നേരെ വിപരീതമായിട്ടുള്ള ഒരു ആർഗ്യൂമെൻറാണിത്. അതുകൊണ്ട് എനിക്കത് സ്വീകരിക്കാൻ നിർവ്വാഹമില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അതുകൊണ്ടാണ് ഞാൻ പറഞ്ഞത് മിസ് ലീഡിംഗ് ആണെന്ന്. എന്തുകൊണ്ടെന്നാൽ ഒരു ഓർഡിനൻസിൻെറ കാലാവധി ഏഴര മാസമാണെന്ന് സുപ്രീം കോടതി അസന്നിഗ്ധമായി തീരുമാനിച്ചു. പിന്നെ എങ്ങനെ ഓർഡിനൻസ് നിലനിൽക്കും? ഓർഡിനൻസേയില്ല. മാണി തന്നെ ഇല്ലാതാവുകയല്ലേ?

മി. സ്പീക്കർ: അതെങ്ങിനെയാ മാണി ഇല്ലാതാവുന്നത്? മാണി ഇല്ലാതാവുന്നില്ല. ഓർഡിനൻസ് അല്ലേ ഇല്ലാതാവുന്നത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: മാണി ഇല്ലാതാവും എന്നു പറഞ്ഞാൽ അതിൻെറ ഉപജ്ഞാതാവായ കെ. എം. മാണി ഇല്ലാതാവും എന്നാണ് അതിൻെറ അർത്ഥം.

ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഭേദഗതി അംഗീകരിയ്ക്കണമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിൻെറ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5–ാം വകുപ്പ് ബില്ലിൻെറ ഭാഗമായിരിക്കുന്നു.

1–ാം വകുപ്പും പീഠികയും പേരും

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു. [35. In clause (1) for sub clause (2) substitute the following namely: "(2) This Act shall come into force atonce".] ഞാൻ ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത് ഈ നിയമം നിലവിൽ വരുന്ന ദിവസം മുതൽ അല്ലെങ്കിൽ 1–1–1987– മുതൽ ഇതിന് പ്രാബല്യം കൊടുക്കുകയും അതിനുമുൻപ് നടന്ന കാര്യങ്ങളെല്ലാം നമ്മുടെ തൽക്കാലം വിസ്മരിക്കുകയും ചെയ്യണമെന്നാണ്: അല്ലെങ്കിൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി നിയമത്തിൽ വ്യവസ്ഥ വരുത്തണം. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ അത് വരുത്താൻ നമുക്ക് ബുദ്ധിമുട്ടുണ്ട്. അതു കൊണ്ടാണ് ഞാൻ പറഞ്ഞത് ഈ ബിൽ എന്നാണോ ഗസറ്റിൽ വരുന്നത് അന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്ന്. പൂർവ്വകാല പ്രാബല്യത്തിൽ കൊടുത്താൽ ഒരു അമ്പികൃാറിയുണ്ട്; കൺഫ്യൂഷനുണ്ട്. സുപ്രീം കോടതിയുടെ വിധിയുടെ വെളിച്ചത്തിൽ ഉണ്ടാകാവുന്ന ചില പ്രയാസങ്ങളെ മുന്നിൽ കണ്ടുകൊണ്ടാണ് ഞാൻ ഇങ്ങനെ ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. ഇത് മന്ത്രിക്ക് സ്വീകരിക്കാം.

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുകയാണ്. 39. In clause (1) for sub clause (2) substitute the following namely: "(2) It shall come into force on the Ist day of January 1987".] അദ്ദേഹം അംഗീകരിക്കുകയില്ലെന്ന് എനിയ്ക്കറിയാം. മുൻപ് രണ്ടെണ്ണം അംഗീകരിച്ചു. എങ്കിലും ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, സുപ്രീം കോടതി ഒരിടത്തും ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞതുപോലെ റിട്രോസ്പെക്ടീവ് ഇഫക്റ്റിനെ പറ്റി ചർച്ച ചെയ്തിട്ടില്ല. ഒരു ഓർഡിനൻസിന്റെ ഇഫക്ട് തന്നെ ഏതു രീതിയിലുള്ള ഓർഡിനൻസാണ്, എന്തു കാര്യത്തിനുവേണ്ടി, എന്ത് എമർജൻസിയുടെ അടിസ്ഥാനത്തിൽ കൊണ്ടുവന്നുവോ അന്നു മുതൽ നിമയം റീപ്ലേസ് ചെയ്യുമ്പോഴ റിട്രോസ്പെക്ടീവായിട്ട് വരിക എന്നുള്ളതു നോർമ്മലായിട്ടുള്ള കാര്യമാണ്. ഉദാഹരണത്തിന് ഡീ–ലിമിറേഷൻ. ഡീ–ലിമിറേഷനുവേണ്ടിയുള്ള നിയമം വന്നത് 15–10–1985–ലാണ്. ഡീ–ലിമിറേഷൻ 15-10-1985-ലേക്ക് പോകണം. ക്ലാസ്സ് ഡെലീറ്റ് ചെയ്തത് 1–9–1984–ലാണ്. നാചുറലായിട്ട് ആ തീയതി മുതൽ അത് വരണം. ബാക്കി ക്ലാസ്സുകളെ സംബന്ധിച്ചിടത്തോളം 30–9–1984 മുതലാണ്. അപ്പോഴ മൂന്നു കാര്യങ്ങൾക്ക് മൂന്നു കാരണങ്ങളാൽ റിട്രോസ്പെക്ടീവായിട്ട് അത് നടപ്പിലാക്കണമെന്നുള്ളതാണ് ഗവൺമെന്റിനു ഇതേപ്പറ്റിയുള്ള അഭിപ്രായം.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1–ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3–ാം വായന

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, 3–ാം വായനയിൽ ഞാൻ കൂടുതലായിട്ട് ഒന്നും പറയുന്നില്ല. വാസ്തവത്തിൽ ഞാൻ വളരെയധികം സന്തുഷ്ടനാണ്. ഞാൻ വളരെ അധികം അഭിനന്ദിക്കുന്നു, പ്രത്യേകിച്ച് പ്രതിപക്ഷ മെമ്പർമാരെ. ബില്ലിന്റെ പരിധിക്കകത്തുനിന്ന് സമയം കുറച്ചെടുത്ത് ചർച്ച ചെയ്തത് വളരെ ആരോഗ്യകരമായ ഒരു മാതൃക സൃഷ്ടിച്ചുകൊണ്ട് ഈ മൂന്നു നിയമങ്ങളും നമുക്ക് പാസ്സാക്കാൻ കഴിഞ്ഞുവെന്നുള്ളത് സന്തോഷകരമാണ്. അതുകൊണ്ട് ഒന്നുകൂടി എല്ലാ മെമ്പർമാരെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, 3–ാം വായനയിൽ ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ നിയമസഭ വിളിച്ചുകൂട്ടിയതിനുശേഷം പത്രക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എന്താണ് പെട്ടെന്ന് നിയമസഭ വിളിച്ചുകൂട്ടുവാനുള്ള കാരണമെന്ന് ചോദിച്ചപ്പോഴ വളരെ രസകരമായ രീതിയിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്. പത്രത്തിൽ റിപ്പോർട്ട് ചെയ്തത് ശരിയാണോ ഇല്ലയോ എന്ന് എനിയ്ക്കറിയില്ല. ചിലപ്പോഴ തെറ്റില്ലായിരിക്കാം. മുഖ്യമന്ത്രി പറയുന്നത് പലതും പത്രങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

തെറ്റായിട്ട് റിപ്പോർട്ട് ചെയ്യുന്നുണ്ട്. എന്ന് മുഖ്യമന്ത്രിയ്ക്ക് പരാതിയുണ്ടെന്നുള്ളത് ഞാൻ ഓർക്കുന്നുണ്ട്. സബ്ജക്ട് കമ്മിറ്റിക്ക് പോയതും സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് തിരിച്ചുവരേണ്ടതുമായ കുറച്ചു കൂടി ഓർഡിനൻസുകളും ഈ നിയമസഭയുടെ കാലാവധി തീരുന്നതിനുമുൻപ് പാസ്സാക്കിയെടുക്കേണ്ടതുണ്ട്. അത് തീർക്കാമെന്ന് വിചാരിച്ചിട്ടാണ് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എന്തു രസകരമായ മറുപടിയാണ്. സുപ്രീം കോടതി നല്ല കിഴുക്ക് ഈ സംസ്ഥാന ഗവൺമെൻറുംപ്പെടെ മറ്റു സംസ്ഥാന ഗവൺമെൻറുകൾക്ക് കൊടുത്തിട്ടുണ്ടായിരുന്നില്ലെങ്കിൽ ഈ രാത്രി 7.45–ന് നമ്മളെല്ലാവരും ഈ നിയമസഭയിൽ ഉണ്ടാകുമായിരുന്നോ? ഉണ്ടാവില്ലെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ഇതിനുവേണ്ടി നിയമസഭ വിളിച്ചുകൂട്ടുക എന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ഗവൺമെൻറോ സുപ്രീം കോടതി വിധി വരുന്നതുവരെ ആലോചിച്ചിട്ടു പോലുമില്ലെന്നാണ് ഞാൻ അനുമാനിക്കുന്നത്. ഇനി ആലോചിച്ചിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ എനിക്ക് എതിർക്കാൻ പറ്റുകയില്ല. കാരണം ഞാൻ ജ്യോതിഷക്കാരനൊന്നുമല്ല മറ്റുള്ളവരുടെ മനസ്സ് മനസ്സിലാക്കാൻ. ബഹുമാനപ്പെട്ട മുനിസിപ്പാലിറ്റീസ് മന്ത്രി ഇന്നലെ ഇവിടെ പറഞ്ഞു. "സുപ്രീം കോടതി ഇവിടത്തെ കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ല. ബീഹാറിൽ എന്തോ ചില ഓർഡിനൻസുകൾ റദ്ദാക്കി; അത് അഞ്ചും ആറും കൊല്ലമായിട്ട് അവിടെ കിടക്കുന്നതാണ്. 30–35 തവണ പ്രഖ്യാപിച്ചതാണ്, ഇവിടെ നിസ്സാരം രണ്ടു കൊല്ലമേ ആയിട്ടുള്ളൂ, 9 തവണയേ ആകെ പ്രഖ്യാപിച്ചിട്ടുള്ളൂ എന്ന്. അതും ഇതും കൂടി സമാന്തര പഠനം ചെയ്തിട്ടുണ്ടെന്നുണ്ടെങ്കിൽ അത് എവിടെ കിടക്കുന്നു, ഇത് എവിടെ കിടക്കുന്നു? ഈ കാര്യത്തിൽ 30 തവണയും 9 തവണയും തമ്മിൽ വ്യത്യാസമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. രണ്ടു കൊല്ലവും അഞ്ചു കൊല്ലവും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കാതലായിട്ടുള്ള പ്രശ്നമെന്താണ്? നിയമനിർമ്മാണ സഭ അതിന്റെ അവകാശങ്ങളെ തുടർന്നും, ലംഘിക്കുന്നു. തുടരെ ലംഘിക്കുന്നു. "ഓർഡിനൻസ് ഒരിക്കൽ പ്രഖ്യാപിച്ചു. 8 പ്രാവശ്യം പുനഃപ്രഖ്യാപിച്ചു. 8 പ്രാവശ്യം ഈ നിയമസഭയിൽ അവതരിപ്പിക്കാനുള്ളതായ ബില്ലുകൾ ഉണ്ടായി, ചിലപ്പോൾ അവതരിപ്പിച്ചു; ചിലപ്പോൾ അവതരിപ്പിച്ചില്ല. നിയമസഭ തീർന്നു. പ്രൊറോഗ് ചെയ്തു. രണ്ടാമതും പുനഃപ്രഖ്യാപനം ചെയ്തു. സുപ്രീം കോടതി വിധിയുടെ പ്രസക്ത ഭാഗം ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ഇവിടെ വായിച്ചു. എന്താണ് സുപ്രീം കോടതി പറഞ്ഞത്. സുപ്രീം കോടതി നിഷേധാത്മകമായിട്ടാണ് പറഞ്ഞിരിക്കുന്നത്. നെഗറ്റീവ് ആയിട്ടാണ് പറഞ്ഞിരിക്കുന്നത്. പോസിറ്റീവ് ആയിട്ടല്ല. ഓരോ ഓർഡിനൻസ് പ്രഖ്യാപനത്തിലും പ്രത്യേകിച്ച് വല്ല ബുദ്ധിമുട്ടുകളും നിയമസഭയിൽ പാസ്സാക്കാൻ നിവൃത്തിയില്ലാതെ ഗവൺമെൻറിനുണ്ടാവുകയാണെങ്കിൽ അങ്ങനെ പുനഃപ്രഖ്യാപനം ചെയ്യുമ്പോൾ അത് നിയമവിധേയമായേക്കാം എന്നു മാത്രമേ സുപ്രീം കോടതി പറഞ്ഞിട്ടുള്ളൂ. അതിൽപ്പെടുമോ ഇത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞു ഇതിന് ആരും ഹൈക്കോടതിയിൽ പോയില്ലായെന്ന്. സർ, ഞാൻ ചലഞ്ചു ചെയ്യുകയാണ്. ഈ ബിൽ ഇന്ന് വിത്ത്ഡ്രോ ചെയ്തിട്ട് ഓർഡിനൻസ് ഈ നിയമസഭ കഴിയുന്ന ദിവസം വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

പുനഃപ്രഖ്യാപനം ചെയ്യുകയാണ് എന്നുണ്ടെങ്കിൽ സുപ്രീം കോടതിയിലോ ഹൈക്കോടതിയിലോ പോയിട്ടുണ്ട്. ഞാൻ പ്രവചിക്കുകയൊന്നുമല്ല. ഇതുവരെ പുനഃപ്രഖ്യാപിച്ചത് നിലനിൽക്കുകയില്ലായെന്നുള്ളതിന് യാതൊരു സംശയവുമില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സഭ കൂടിക്കൊണ്ടിരിക്കുമ്പോൾ ഈ സഭയെ വെല്ലുവിളിക്കാനുള്ള മൗഢ്യമൊന്നും അങ്ങേയ്ക്കില്ല. അതുകൊണ്ട് വിത്ത്ഡ്രോ ചെയ്തത് ഒരു വെല്ലുവിളിക്കൊന്നും ഒരിക്കലും ഈ ഗവൺമെൻറ് തയ്യാറാവുകയില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഞാൻ വിവരംകെട്ട ആൾ അല്ല; സാമാന്യ വിവരമുണ്ട്. എത്രാണ്ട് 10—26 കൊല്ലമായി ഞാൻ പാർലമെൻറിലും നിയമസഭയിലുമായിട്ട് മാറിമാറി വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തൃശൂരിൽ ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തിയിരുന്നപ്പോൾ ഞാൻ സംസ്ഥാന നിലവാരത്തിൽ കോ—ഓപ്പറേറ് ചെയ്യുകയായിരുന്നു. ഞാൻ നിയമസഭയിൽ അംഗമായിരുന്നു. ഞാൻ വിനയപൂർവ്വം പറയുകയാണ്. ഇത് പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. അല്ലെങ്കിൽ ഞാൻ പറയുകയില്ലായിരുന്നു. 1957—ലും 1960—ലും എല്ലാം എനിക്ക് ഈ സംസ്ഥാനത്തിൽ കോ—ഓപ്പറേറ് ചെയ്യാൻ സാധിച്ചിട്ടുണ്ട്. ചിരകാലം പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ് ജവഹർലാൽ നെഹ്റുവിനെപ്പറ്റി "My years with Nehru" എന്ന മല്ലിക് എഴുതിയ പുസ്തകം വായിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. 1957—മുതൽ 1960 വരെ കേരള നിയമസഭയിൽ, കേരളത്തിലെ പ്രതിപക്ഷത്ത് ആരെല്ലാമായിരുന്നുവെന്ന് 1, 2, 3, എന്ന് അക്കമിട്ട് ബഹുമാനപ്പെട്ട മല്ലിക് അദ്ദേഹത്തിൻറെ പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. വിനീതനായ ഞാനും അതിൽപ്പെട്ടുപോയി എന്നുള്ള കാര്യം ഞാൻ ഈ സമയത്ത് ഓർക്കുകയാണ്. അതിനു കാരണം അദ്ദേഹം ഈ തരത്തിൽ പറഞ്ഞതാണ്. ഞാൻ ചലഞ്ചു ചെയ്തത് നിയമസഭയെ അല്ല. വിവരത്തോടുകൂടിയാണ് ഞാൻ ചലഞ്ച് ചെയ്തത്. ഞാൻ ചലഞ്ച് ചെയ്തത് ഗവൺമെൻറിനെയാണ്, മുഖ്യമന്ത്രിയെയാണ്, മുനിസിപ്പാലിറ്റി മന്ത്രിയെയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അതുതന്നെയാണ് പറഞ്ഞത് സഭ കൂടിക്കൊണ്ടിരിക്കുമ്പോൾ ചലഞ്ച് അക്സെപ്റ് ചെയ്തത് ഈ സഭയോട് ചലഞ്ച് നടത്താൻ തയ്യാറില്ലായെന്ന്. അതിൽ യാതൊരു അതിശയോക്തിയുമില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന് എത്രയോ മുൻപ് തന്നെ ഞാനും അസംബ്ലിയിലെ മെമ്പറായിരുന്നു. അങ്ങേയ്ക്ക് അറിയാമോ? അസംബ്ലി കാണുന്നതിനു മുൻപ് ഞാൻ മെമ്പറായിരുന്നു. അറിയാമോ? അതിലേയ്ക്കൊന്നും കടക്കണ്ട.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇങ്ങനെ ദേഷ്യപ്പെട്ടിട്ടൊന്നും കാര്യമില്ല. വിവരംകെട്ട വാക്കുകൾ, ഒരു മുഖ്യമന്ത്രിയ്ക്ക് പറ്റാത്തതായിട്ടുള്ള വാക്കുകൾ പറയുകയാണെങ്കിൽ.....

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഒരു മെമ്പർ വിവരക്കേട് തന്നെ പറയുകയാണെങ്കിൽ വിവരക്കേട് എന്നു പറയാതെ നിവൃത്തിയില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇത്തരം വാക്കുകൾ പാർലമെന്ററിയോ അൺ പാർലമെന്ററിയോ, സാധാരണ ഉപയോഗിക്കാറുണ്ടോ എന്നുള്ളതിനെക്കുറിച്ച് രാജ്യസഭയുടെ ചെയർമാനും ഇൻഡ്യയുടെ വൈസ് പ്രസിഡൻറുമായിട്ടുള്ള ശ്രീ. ആർ. വെങ്കിട്ടരാമൻ ''Absurd, Nonsense'' എന്നുള്ളതെല്ലാം തന്നെ അൺപാർലമെന്ററിയല്ലായെന്ന് അദ്ദേഹം റൂൾ ചെയ്യുകയുണ്ടായി. ഞാൻ വിവരംകെട്ട എന്നു പറയുമ്പോൾ വിവരമില്ലായ്മ എന്നു മാത്രമേ അർത്ഥം പറയുന്നുള്ളൂ. യാതൊരു ദുഃസൂചനയുമില്ലായെന്ന് ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ദേഷ്യപ്പെട്ടിട്ട് കാര്യമില്ല. ഉരുളയ്ക്ക് ഉപ്പേരി വാങ്ങേണ്ടതായിട്ട് വരും. ഞാൻ ഇന്ന് കാലത്ത് പറയുകയുണ്ടായി ഈ സംസ്ഥാനത്തിലെ മുഖ്യമന്ത്രി ബഹുമാനപ്പെട്ട കോടി പ്രഭുവാണ് എന്ന്. ആ ബഹുമാനപ്പെട്ട കോടിപ്രഭുവിനോട് ചലഞ്ച് നടത്താൻ എനിക്ക് പേടിയുണ്ട്. അങ്ങനെ ചലഞ്ച് നടത്തിയത് തെറ്റാണെന്നുണ്ടെങ്കിൽ പിൻവലിക്കണമോ എന്ന് ഞാൻ ആലോചിക്കും. പക്ഷേ ഈ സംസ്ഥാനത്തിലെ മുഖ്യമന്ത്രി എന്നുള്ള നിലയ്ക്കും അദ്ദേഹത്തിന്റെ ഏതാനും നിമിഷങ്ങൾക്കുമുൻപുള്ള പെരുമാറ്റം ഉചിതമായിട്ടുള്ള പെരുമാറ്റമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പദത്തിന് പറ്റിയതല്ലെന്ന് വിനയപൂർവ്വം ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ഇന്ന് ഈ രണ്ടു കൊല്ലം മുനിസിപ്പാലിറ്റികളിൽ കമ്മീഷണർമാർ ഇല്ലാതായതിന്റെ ഫലമായിട്ട് ഇവിടെ എന്താണ് നടക്കുന്നത്? ഞാൻ വളരെ വേദനയോടുകൂടി പറയുകയാണ്. കൊച്ചി നഗരത്തിലും, കോഴിക്കോട് നഗരത്തിലും വണ്ടി ഓടിച്ചുകൊണ്ടു പോകാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥിതിയിലേക്ക് വന്നിരിക്കുകയാണ്. കൊച്ചി നഗരത്തിലേയും കോഴിക്കോട് നഗരത്തിലേയും റോഡുകളിൽ ഒരു തടസ്സവും ഉണ്ടാകുവാൻ പാടില്ല. ഒരു തടസ്സത്തിനുള്ള തായിട്ടുള്ള വീതിയില്ല. ഇന്ന് മൂന്നു ഫീറും, നാലു ഫീറും ആയിട്ടുള്ളതായ തിണ്ടുകളെല്ലാം കൊച്ചി നഗരത്തിലും, കോഴിക്കോട് നഗരത്തിലും ഉണ്ടാക്കിയിട്ടുണ്ട്. എങ്കിൽ ഇന്ന് വളരെയധികം ട്രാഫിക് അപകടങ്ങളും ഈ തിണ്ടുകളും കൊണ്ടുവരികയാണ് ചെയ്യുന്നത്. ഈ സംസ്ഥാനത്തിലെ ബഹുഭൂരിപക്ഷം കമ്മീഷണർമാരും അഴിമതിയുടെ കൂടാരങ്ങളായി മാറിയിരിക്കുകയാണ്. കമ്മീഷണർമാരുടെ ഓഫീസുകളെല്ലാംതന്നെ അഴിമതിയുടെ ഓഫീസുകളായി മാറിയിരിക്കുകയാണ്. അതിന്റെ പ്രധാനമായിട്ടുള്ള കാരണം ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ മുനിസിപ്പാലിറ്റിയുടെ തിരഞ്ഞെടുപ്പ് ഈ സംസ്ഥാനത്ത് സമയത്തിന് നടത്തുന്നില്ല എന്നുള്ളതാണ്. മുനിസിപ്പാലിറ്റികളുടെ തിരഞ്ഞെടുപ്പ് വേണ്ടെന്ന് വയ്ക്കുന്നതായിട്ടുള്ള ഈ ബില്ലിനെ ഞാൻ ശക്തിപൂർവ്വം എതിർക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ ഗവൺമെൻറ് കാണിച്ചിട്ടുള്ള തെറ്റുകളിൽവച്ച് ഏറ്റവും വലിയ തെറ്റും, ഈ ഗവൺമെൻറ് കാണിച്ചിട്ടുള്ള അബദ്ധങ്ങളിൽവച്ച് ഏറ്റവും വലിയ അബദ്ധവുമാണ് ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെ

LIBRARY ARCHIVES Kerala Legislative Assembly

ടുക്കപ്പെട്ട കമ്മിറ്റികൾ പിരിച്ചു വിട്ടത്. അതിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് ഗവൺമെന്റിൽ നിക്ഷിപ്തമായിരുന്ന ചുമതലകൾ കമ്മിറ്റികൾക്ക് കാലാവധി നീട്ടാമെന്നുള്ളതാണ്. ഇതിനു മുൻപൊക്കെ അങ്ങനെയാണ് ചെയ്തുകൊണ്ടിരുന്നത്. അങ്ങനെ ചെയ്യണമെന്നല്ല പറയുന്നത്. അങ്ങനെ ചെയ്യുന്നത് ശരിയുമല്ല. എന്നാൽ ഒരു തിരഞ്ഞെടുപ്പ് നടത്താൻ സാഹചര്യങ്ങൾ അനുവദിക്കുന്നില്ലെങ്കിൽ, നിലവിലുള്ള കമ്മിറ്റികളുടെ കാലാവധി നീട്ടിക്കൊടുക്കുന്നത് പല കാരണങ്ങളാലും ആവശ്യമായിരുന്നു. സർ, അത് ചെയ്യേണ്ടതായിരുന്നു. ഇപ്പോൾ കമ്മിറ്റികൾ ഇല്ലാത്തതിന്റെ ഫലമായി ഈ ഡിപ്പാർട്ടുമെന്റിനെപ്പറ്റിയും, ഈ സ്ഥാപനങ്ങളെപ്പറ്റിയുമൊക്കെ കുറച്ച് അറിയാവുന്ന ഒരാളെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞുനിർത്തിയ ആ കാര്യം ഞാൻ അനുസ്മരിപ്പിക്കുകയാണ്. ഇന്ന് അതാണ് നടക്കുന്നത്. ഈ കാര്യത്തിൽ.....

ശ്രീ. എ. സി. ജോസ്: സഭ 8 മണിക്ക് തീരുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞങ്ങൾ മിണ്ടാതിരുന്നത്. സ്വാഭാവികമായും അങ്ങനെ ബഹിഷ്കരിക്കുന്നവർക്ക് അങ്ങ് സമയം കൊടുത്തു. അതിന് വിരോധമില്ല. സ്വാഭാവികമായും ഇപ്പുറത്തിരിക്കുന്നവർക്ക് കൂടി അങ്ങ് സമയം തരേണ്ടതായിരുന്നു. ഇതിനു മുൻപ് മൂന്നാം വായനയ്ക്ക് സമയം അനുവദിക്കാതിരുന്ന അവസരങ്ങളുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ മിണ്ടാതിരുന്നത്. അങ്ങനെയാണെങ്കിൽ മൂന്നാം വായന സമയത്ത് ഞങ്ങൾക്കും സമയം തരേണ്ടതായി വരും.

മി. സ്പീക്കർ: ഇവിടെ സാധാരണ 8 മണിക്കാണ് സഭ തീരേണ്ടത്. അതുകൊണ്ട് ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും സഹകരിച്ചുകൊണ്ട് പോകുകയാണ്. യാതൊരു ബുദ്ധിമുട്ടും ആ കാര്യത്തിലില്ല. അതുകൊണ്ട് ശ്രീ. ആർ. എസ്. ഉണ്ണി കൂടി സംസാരിക്കാനുള്ളതുകൊണ്ട് അദ്ദേഹത്തെ വിളിച്ചതാണ്. ബഹുമാനപ്പെട്ട ജോസോ, മറ്റ് അംഗങ്ങളോ ആവശ്യപ്പെട്ടിരുന്നെങ്കിൽ യാതൊരു പ്രയാസവും ഉണ്ടാകുമായിരുന്നില്ല. അങ്ങ് അൽപ്പം മുൻപ് ആവശ്യപ്പെട്ടിരുന്നെങ്കിൽ അങ്ങയെ ഈ കാര്യത്തിൽ പ്രത്യേകിച്ച് വിളിക്കുമായിരുന്നു.

ശ്രീ. എ. സി. ജോസ്: മൂന്നാം വായനയുടെ സമയത്ത് പ്രസംഗിക്കാൻ അനുവദിക്കുകയില്ലെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട ചെയർ ഒരു പ്രാവശ്യം റൂൾ ചെയ്തതുകൊണ്ടാണ് അങ്ങനെ ചെയ്യാതിരുന്നത്.

മി. സ്പീക്കർ: ശ്രീ. ജോസ്, അങ്ങ് വളരെ തെറ്റിദ്ധരിച്ചിരിക്കുകയാണ്. മൂന്നാം വായനയിൽ ഏത് സ്റ്റേറ്റിലായാലും, അത് ആ സമയത്തിന്റെ അവൈലബിലിറ്റി നോക്കിയാണ് അഡ്ജസ്റ്റ് ചെയ്യുന്നത്. ചില സമയങ്ങളിൽ പ്രസംഗിക്കാൻ അനുവദിക്കാറില്ല. അനുവദിക്കേണ്ടെന്ന് ചെയർ ആഗ്രഹിച്ചിട്ടില്ല. ഇതിൽവരുന്ന ബുദ്ധിമുട്ടുകൂടി അഡ്ജസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. സമയം നീണ്ടുപോകുകയാണെങ്കിൽ ചെയർ അതിന് അനുവദിക്കാറില്ല. ഇപ്പോൾ ശ്രീ. വർക്കല രാധാകൃഷ്ണൻ സമയം ആവശ്യപ്പെട്ടുവെങ്കിലും ചെയർ സമയക്കുറവുകൊണ്ട് അത് അനുവദിക്കുന്നില്ല. ചെയർ ഇപ്പോൾ സംസാരിക്കാൻ അനുവദിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണിയെ മാത്രമാണ്. ശ്രീ. വർക്കലയ്ക്ക് സംസാരിക്കാൻ അവസരം കൊടുക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പക്ഷേ സമയക്കുറവുകൊണ്ട് സാധിക്കുന്നില്ല. അതാണ് ഇവിടത്തെ പ്രശ്നം. അതുകൊണ്ട് അങ്ങ് തെറ്റിദ്ധരിക്കരുത്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ കമ്മിറ്റികൾ പിരിച്ചുവിട്ടുകൊണ്ട് ഗവൺമെന്റ് സ്വീകരിച്ച നടപടികളെപ്പറ്റി ഗവൺമെന്റ് ഇതുവരെ പറഞ്ഞിട്ടുള്ള യാതൊരു ന്യായവാദങ്ങളും സാമാന്യബുദ്ധിയുള്ളവർക്കും, നിഷ്പക്ഷവാദികൾക്കും ബോദ്ധ്യപ്പെടുന്നതല്ലെന്നുള്ള കാര്യം ഗവൺമെന്റ് മനസ്സിലാക്കണം. ശരിയുമല്ല, അത് ഒരു വലിയ അബദ്ധമാണ്. ഒരു പുതിയ തിരഞ്ഞെടുപ്പ് നടത്തുന്നതിനിടയിലുള്ള ഇടവേളയിലാണ് ഗവൺമെന്റിന് ഈ അധികാരം നിക്ഷിപ്തമാക്കുന്ന വ്യവസ്ഥയുണ്ടാക്കിയത്. ഈ ഇടവേളയെന്ന് പറഞ്ഞിട്ട് ഇപ്പോൾ രണ്ടുകൊല്ലം കഴിയുന്നു. 1982-ൽ സെൻസസ് ഫിഗേഴ്സ് 1982-ൽ ലഭ്യമായി. 1984-ലാണ് ഈ നടപടിയെടുക്കുന്നത്. ഇപ്പോൾ രണ്ടു കൊല്ലം കഴിഞ്ഞിരിക്കുന്നു. ഈ രണ്ടു കൊല്ലമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ എന്താണ് നടക്കുന്നതെന്നുള്ളത് ഗവൺമെന്റ് അന്വേഷിക്കണം. അവിടെ തോന്ന്യാസമാണ് നടക്കുന്നത്. അവിടെ നികുതി പിരിക്കുന്നു. അവിടത്തെ വികസന പ്രവർത്തനങ്ങൾ നടത്തണം. പൊതുമരാമത്തു പണികൾ നടത്തണം. ജനങ്ങളുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണം. ഒരാൾ ജനിക്കുന്നതു മുതൽ മരിക്കുന്നതുവരെയുള്ള അയാളുടെ ജീവിതത്തിലെ പല സേവനങ്ങളും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽനിന്ന് ലഭിക്കേണ്ടതുണ്ട്. അവിടെ ഒന്നും നടക്കുന്നില്ല. ഇത്രമാത്രം അഴിമതി നടന്ന ഒരു കാലം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ഉണ്ടായിട്ടില്ല. അതിന്റെ ഫലമായി ബഹുജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും, അവർക്ക് ഈ സ്ഥാപനങ്ങളിൽനിന്ന് കിട്ടുന്ന സേവനങ്ങൾ ഒന്നും കിട്ടാതിരിക്കുന്നതിനും കാരണമായിത്തീരുന്നു. ഇത്രമാത്രം ഒരു ഡിപ്പാർട്ടുമെന്റിനേയും, കൂടെ സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥൻമാരേയും, നശിപ്പിച്ചതും, ദുഷിപ്പിച്ചതുമായ ഒരു കാലമുണ്ടായിട്ടില്ല. സർ, എനിക്ക് ഈ ഡിപ്പാർട്ടുമെന്റിനെപ്പറ്റി അറിയാം, ഇവിടെ നല്ല ഉദ്യോഗസ്ഥൻമാരുണ്ടായിരുന്നു. കൗൺസിലുകളുടെ നിർദ്ദേശമനുസരിച്ച്, ജനപ്രതിനിധികളുടെ നിർദ്ദേശമനുസരിച്ച്, ജനാഭിലാഷങ്ങൾക്ക് രൂപം നൽകാൻ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ള അധികാരം വിനിയോഗിക്കുന്ന കാര്യത്തിലൊക്കെ നല്ലതുപോലെ പ്രവർത്തിച്ചിട്ടുമുള്ള എക്സിക്യൂട്ടീവ് ഓഫീസർമാർ ഇന്ന് അഴിമതിക്കാരാണ്. ഇത്രയും വലിയ ഒരു പാതകം, ഒരു ദ്രോഹം ഒരു ഗവൺമെന്റിന്റെ കാലത്തും, ഒരു രാജ്യത്തും ചെയ്യാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഞാൻ ഈ നിയമത്തെ എതിർക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, വളരെ ശാന്തമായി പോയ ഒരു നിയമസഭയാണ്. എന്നാൽ അവസാനം ശ്രീ. ഉണ്ണിയും, ബഹുമാനപ്പെട്ട ചന്ദ്രശേഖരനും ഇത്രമാത്രം വികാരപരമായിട്ടുള്ള എന്തോ ഒരു എതിർപ്പ് ഇതിനകത്ത്..... ബഹുമാനപ്പെട്ട ചന്ദ്രശേഖരാ, എനിക്ക് വളരെയധികം സങ്കടമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ഒരു കാര്യം പറയാനുണ്ട്. ബഹുമാനപ്പെട്ട ഉണ്ണി അദ്ദേഹം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ചുമതല വഹിച്ചുകൊണ്ട് ഗവൺമെന്റിലിരുന്ന ഒരാളാണ്. ബഹുമാനപ്പെട്ട ഒരു വ്യക്തിയാണ്. ഈ ഗവൺമെന്റിന് വരുന്ന ബുദ്ധിമുട്ടുകൾ അദ്ദേഹത്തിനറിയാം. സാങ്കേതികമായ കാരണങ്ങളാൽ ചിലപ്പോൾ തിരഞ്ഞെടുപ്പ് നടത്താൻ കഴിയുകയില്ല. ബഹുമാനപ്പെട്ട ഉണ്ണിയുടെ കാലഘട്ടത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ തന്നെ എത്രയോ തവണ തിരഞ്ഞെടുപ്പ് മാറ്റിവച്ച കാര്യം ഞാൻ ഓർക്കുകയാണ്. അപ്പോൾ കാലാകാലങ്ങളിൽ പല സാങ്കേതികമായ കാരണങ്ങളാൽ ചിലപ്പോൾ തിരഞ്ഞെടുപ്പ് നടത്താൻ കഴിഞ്ഞില്ലെങ്കിൽ ഒരു ജനാധിപത്യ വിരുദ്ധ സ്വഭാവമായി ഒരിക്കലും അതിനെ ചിത്രീകരിക്കുന്നത് ശരിയല്ലെന്ന കാര്യം ഞാൻ പറയട്ടെ. ബഹുമാനപ്പെട്ട സഭയെ ഞാൻ ഒരു കാര്യം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ സുപ്രീം കോടതിയിലെ ജഡ്ജ്മെന്റിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഒരു അഭിഭാഷകനാണ്. നിയമം പാസ്സാക്കുമ്പോൾ നിയമപരമായിട്ട് പറയാനേ സാധിക്കുകയുള്ളൂ. കേരളത്തിന്റെ ഓർഡിനൻസ് അസാധുവാക്കാത്തിടത്തോളം കാലം, അസാധുവാക്കുന്നതുവരെ വേണമെങ്കിൽ ഈ ഗവൺമെന്റിന് ഇത് റീപ്ലേയ്സ് ചെയ്യാൻവേണ്ടി നിയമസഭ വിളിച്ചുകൂട്ടാതെ പോകാമായിരുന്നിട്ടും, ഒരു ലീഗൽ എക്സ്ക്യൂസ് വേണമെങ്കിൽ എടുക്കാമെന്നിരിക്കെ, അതെടുക്കാതെ പ്രൂഡൻസോടുകൂടി ജനാധിപത്യ മര്യാദ പാലിച്ചുകൊണ്ട് ജനാധിപത്യ കീഴ്വഴക്കങ്ങളിൽ നല്ല കീഴ്വഴക്കം സൃഷ്ടിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി, ഈ നിയമസഭ വിളിച്ചുകൂട്ടിയ കരുണാകരൻ ഗവൺമെന്റിനെ വാസ്തവത്തിൽ നിങ്ങൾ അഭിനന്ദിക്കേണ്ടതാണ്. അങ്ങനെ അദ്ദേഹത്തെ നിങ്ങൾ അഭിനന്ദിക്കേണ്ടതിന് പകരം ഈ മൂന്നു ബില്ലുകളും പാസ്സാക്കി പെട്ടെന്ന് പിരിയുന്നുവെന്ന് പറഞ്ഞു. ഞാൻ എന്റെ ഒരു സദുദ്ദേശം കൊണ്ട് പ്രതിപക്ഷത്തെ ഒന്ന് അഭിനന്ദിച്ചുപോയി. അങ്ങനെ അഭിനന്ദിച്ച ഉടനെ ശാന്തമായി പിരിയേണ്ട സന്ദർഭത്തിൽ ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കിക്കൊണ്ട് ഒരു അറാക്കം നടത്തി പിരിയാമെന്ന് കരുതിയത് നിർഭാഗ്യകരമായിപ്പോയിയെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഗവൺമെന്റ് വളരെ നല്ല മര്യാദയോടുകൂടി, ഈ നിയമം റീപ്ലേയ്സ് ചെയ്യാനുള്ള ബിൽ ഇവിടെ അവതരിപ്പിച്ചു. തീർച്ചയായും ഈ നിയമസഭയുടെ ചരിത്രത്തിൽ ഇത്രമാത്രം ജനാധിപത്യപരമായ ഒരു നടപടി ഒരു ഗവൺമെന്റും നടത്തിക്കാണുകയില്ല. തീർച്ചയായും തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടുന്ന ഒരു സമ്മേളനമാണ് ഈ സമ്മേളനമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

1986–ലെ കേരളാ മുനിസിപ്പൽ കോർപ്പറേഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8. 30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ഡിസംബർ 31–ാം തീയതി ബുധനാഴ്ച രാവിലെ 8.30ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ 8 മണിക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly